# സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

## കേരളം

# മീഡിയ ഹാൻഡ് ബുക്ക്

## 2025

പ്രസിദ്ധീകരിക്കുന്നത്

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

ജനഹിതം, വികാസ്ഭവൻ പി.ഒ, തിരുവനന്തപുരം

കോപ്പികൾ -500

ചീഫ് എഡിറ്റർ - ബി.എസ്. പ്രകാശ്, സെക്രട്ടറി,
സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
എഡിറ്റോറിയൽ കൺസൽട്ടന്റ് - എം. ഷാജഹാൻ
എഡിറ്റർ - കെ. എം. അയ്യപ്പൻ, പിആർഒ,
സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

# ഉള്ളടക്കം


| | | | പേജ് നമ്പർ |
|---|---|---|---|
| 1. | തിരഞ്ഞെടുപ്പ് കമ്മീഷനുകൾ | - | 7 |
| 2. | തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പ് | - | 9 |
| 3. | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ | - | 14 |
| 4. | ഡീലിമിറ്റേഷൻ കമ്മീഷനും വാർഡ് വിഭജനവും | - | 16 |
| 5. | വോട്ടർപട്ടിക | - | 22 |
| 6. | പോളിംഗ് സ്റ്റേഷനുകൾ | - | 29 |
| 7. | തിരഞ്ഞെടുപ്പ് ചിഹ്നം | - | 30 |
| 8. | തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ | - | 31 |
| 9. | തിരഞ്ഞെടുപ്പ് പ്രക്രിയ | - | 33 |
| 10. | സ്ഥാനാർത്ഥികൾ - യോഗ്യത | - | 36 |
| 11. | ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾ | - | 38 |
| 12. | മാതൃകാ പെരുമാറ്റച്ചട്ടം | - | 41 |
| 13. | വോട്ടെടുപ്പ്, വോട്ടെണ്ണൽ | - | 48 |
| 14. | സ്ഥാനാർത്ഥികളുടെ തിരഞ്ഞെടുപ്പ് ചെലവ് | - | 50 |
| 15. | സത്യപ്രതിജ്ഞ | - | 51 |
| 16. | അധ്യക്ഷൻ, ഉപാധ്യക്ഷൻ തിരഞ്ഞെടുപ്പ് | - | 52 |
| 17. | സ്റ്റാന്റിങ് കമ്മിറ്റി | - | 54 |
| 18. | അവിശ്വാസപ്രമേയം | - | 55 |
| 19. | തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരും ചുമതലകളും | - | 57 |
| 20. | മറ്റു പ്രധാനവിവരങ്ങൾ | - | 60 |
| 21. | ടെലിഫോൺ ഡയറക്ടറി | - | 62 |

# ആമുഖം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പുകൾ ജനാധിപത്യത്തിന്റെ അടിത്തറയാണെന്നും, ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്ന ഏറ്റവും പ്രാധാന്യമുള്ള പ്രക്രിയകളിലൊന്നാണെന്നും സംശയമില്ല. ജനങ്ങളുടെ പ്രതിനിധികളെ നീതിപൂർണ്ണമായും സുതാര്യമായും തിരഞ്ഞെടുക്കുന്നതിനായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തുടർച്ചയായി സ്വീകരിച്ചുവരുന്ന നവീന ശ്രമങ്ങൾ, ജനാധിപത്യ പ്രക്രിയയുടെ വിശ്വാസ്യതയും കാര്യക്ഷമതയും വർധിപ്പിക്കുന്നതിൽ നിർണായക പങ്ക് വഹിച്ചു വരുന്നു.

മാധ്യമപ്രവർത്തകർ തിരഞ്ഞെടുപ്പിന്റെ ഓരോ ഘട്ടത്തെയും ജനങ്ങളിലേക്കെത്തിക്കുന്നതിൽ വളരെ പ്രധാനപ്പെട്ട പങ്കാണ് വഹിക്കുന്നത്. തിരഞ്ഞെടുപ്പ് പ്രക്രിയയുടെ വ്യക്തതയും വിശ്വാസ്യതയും സുതാര്യതയും ഉറപ്പാക്കുന്നതിന് മാധ്യമങ്ങളുടെ പങ്കാളിത്തം അത്യന്താപേക്ഷിതമാണ്. തിരഞ്ഞെടുപ്പ് കമ്മീഷന്റെ ദൗത്യവും, പ്രവർത്തനരീതികളും നിയമപരമായ വ്യവസ്ഥകളും, മാധ്യമപ്രവർത്തകർ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങളും മനസിലാക്കുന്നതിന് ഒരു കൈപ്പുസ്തകം പ്രസിദ്ധീകരിക്കുകയാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പ് സംബന്ധിച്ച നിയമങ്ങൾ, നടപടിക്രമങ്ങൾ, വോട്ടർ പട്ടികകൾ, സ്ഥാനാർഥിത്വം, വോട്ടെടുപ്പ്, വോട്ടെണ്ണൽ, തിരഞ്ഞെടുപ്പ് ഫലപ്രഖ്യാപനം തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് സമഗ്രമായ അറിവ് ഈ ഹാൻഡ്ബുക്കിൽ നിന്നും ലഭിക്കുമെന്ന് വിശ്വസിക്കുന്നു. കൂടാതെ, ഡീലിമിറ്റേഷൻ പ്രക്രിയ, ഡിജിറ്റൽ ഭൂപടം, ഇല്ക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങളുടെ ഉപയോഗം, മാതൃകാ പെരുമാറ്റച്ചട്ടം തുടങ്ങിയ കാര്യങ്ങളും മീഡിയ ഹാൻഡ്ബുക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

തിരഞ്ഞെടുപ്പ് പ്രക്രിയയുടെ എല്ലാ ഘട്ടങ്ങളിലും സുതാര്യത ഉറപ്പാക്കുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിരന്തരം പ്രതിജ്ഞാബദ്ധമാണ്. ഈ ഹാൻഡ്ബുക്ക് തിരഞ്ഞെടുപ്പ് സംബന്ധമായ പ്രവർത്തനങ്ങളിൽ മാധ്യമപ്രവർത്തകർക്ക് സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു.

**എ. ഷാജഹാൻ ഐ.എ.എസ്(റിട്ട.),**
**സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ**

# അധ്യായം 1

# തിരഞ്ഞെടുപ്പ് കമ്മീഷനുകൾ

ഇൻഡ്യൻ പാർലമെന്റിലേയ്ക്കും സംസ്ഥാന നിയമസഭകളിലേയ്ക്കും തിരഞ്ഞെടുപ്പുകൾ നടത്തുന്നത് ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പുകൾ നടത്തുന്നത് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനുമാണ്. സംസ്ഥാനത്ത് പ്രസ്തുത തിരഞ്ഞെടുപ്പുകൾക്കു വേണ്ടി ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യയും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനും വെവ്വേറെ വോട്ടർപട്ടികകളാണ് തയ്യാറാക്കുന്നത്.

## ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യ

ഇന്ത്യൻ ഭരണഘടനയുടെ അനുഛേദം 324 പ്രകാരമാണ് കേന്ദ്ര ഇലക്ഷൻ കമ്മീഷൻ (ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യ) രൂപീകൃതമായത്. മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണറും രണ്ട് കമ്മീഷണർമാരുമാണ് കേന്ദ്ര ഇലക്ഷൻ കമ്മീഷന്റെ ഘടന. ലോക് സഭ, രാജ്യസഭ, നിയമസഭകൾ എന്നിവയിലേയ്ക്കുള്ള തിരഞ്ഞെടുപ്പുകളും രാഷ്ട്രപതി, ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പുകളും കേന്ദ്ര ഇലക്ഷൻ കമ്മീഷന്റെ ചുമതലയാണ്. ലോക്സഭാ, നിയമസഭാ തിരഞ്ഞെടുപ്പുകൾക്ക് വേണ്ടി വോട്ടർ പട്ടിക തയ്യാറാക്കുന്നതും വോട്ടർ തിരിച്ചറിയൽ കാർഡ് നൽകുന്നതും കേന്ദ്ര ഇലക്ഷൻ കമ്മീഷനാണ്. ഓരോ അസംബ്ലി നിയോജക മണ്ഡലത്തിലെ ബൂത്തുകളെ അടിസ്ഥാന മാക്കിയാണ് കേന്ദ്ര ഇലക്ഷൻ കമ്മീഷൻ വോട്ടർപട്ടിക തയ്യാറാക്കുന്നത്. കേന്ദ്ര ഇലക്ഷൻ കമ്മീഷന്റെ കീഴിൽ സംസ്ഥാനങ്ങളുടെ ചുമതല ചീഫ് ഇലക്ടറൽ ഓഫീസർക്കാണ് (ചീഫ് ഇലക്ടറൽ ഓഫീസർ, കേരള നിയമസഭാ സമുച്ചയം, വികാസ് ഭവൻ, പി.ഒ., തിരുവനന്തപുരം 695 033).

## സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

ഭരണഘടനയുടെ അനുഛേദം 243 K, 243 ZA പ്രകാരം രൂപീകൃതമായ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ചുമതല സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർക്കാണ്. 1993 ഡിസംബർ 3 നാണ് കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സ്ഥാപിതമായത്. സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളിലേയ്ക്കും മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളിലേയ്ക്കുമുള്ള വോട്ടർപട്ടിക തയ്യാറാക്കലും തിരഞ്ഞെടുപ്പ് നടത്തിപ്പും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ചുമതലയാണ്. തദ്ദേശസ്ഥാപനങ്ങളിലെ അധ്യക്ഷൻ, ഉപാധ്യക്ഷൻ തിരഞ്ഞെടുപ്പ്, സ്റ്റാൻഡിംഗ് കമ്മിറ്റി തിരഞ്ഞെടുപ്പ്, ജില്ലാ ആസൂത്രണ കമ്മിറ്റി, മെട്രോപൊളിറ്റൻ ആസൂത്രണകമ്മിറ്റി തിരഞ്ഞെടുപ്പ് തുടങ്ങിയവയും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനാണ് നടത്തുന്നത്. കേരള പഞ്ചായത്ത് രാജ്, കേരള മുനിസിപ്പാലിറ്റി നിയമങ്ങൾ അനുശാസിക്കുന്ന പ്രകാരമുള്ള അംഗങ്ങളുടെ/കൗൺസിലർമാരുടെ അയോഗ്യതയും കമ്മീഷനാണ് നിശ്ചയിക്കുന്നത്. കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൂറുമാറ്റം നിരോധിക്കൽ നിയമപ്രകാരമുള്ള അംഗങ്ങളുടെ അയോഗ്യത നിശ്ചയിക്കലും കമ്മീഷന്റെ അധികാരമാണ്.

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറെ നിയമിക്കുന്നത് ഭരണഘടനയുടെ 243 K(1) അനുച്ഛേദപ്രകാരം സംസ്ഥാന ഗവർണറാണ്. നിയമനം 5 വർഷകാലയളവ് അല്ലെങ്കിൽ 65 വയസ്സ് പൂർത്തിയാകൽ എന്നിവയിൽ ആദ്യം സംഭവിക്കുന്നത് വരെയാണ്. കമ്മീഷണറുടെ പദവിയും സേവനവേതന വ്യവസ്ഥകളും ഹൈക്കോടതി ജഡ്ജിക്ക് സമാനമാണ്.

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡ് വിഭജനം നടത്തുന്ന ഡീലിമിറ്റേഷൻ കമ്മീഷന്റെ ചെയർമാനും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറാണ്. കൂടാതെ, നിയമസഭ, പാർലമെന്റ് മണ്ഡലങ്ങളുടെ അതിർത്തി പുനർവിഭജനം നടത്തുന്ന കമ്മീഷനിലെ ഒരു അംഗവും കൂടിയാണ്.

സംസ്ഥാനത്തെ ഏഴാമത്തെ തിരഞ്ഞെടുപ്പ് കമ്മീഷണറായി ശ്രീ. എ. ഷാജഹാൻ ഐ.എ.എസ്. (റിട്ട.) 2021 മാർച്ച് 31 മുതൽ ചുമതല നിർവഹിച്ചു വരുന്നു. മുൻ കമ്മീഷണർമാരുടെ വിവരം ചുവടെ ചേർക്കുന്നു.

**മുൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർമാർ**

| | | |
|---|---|---|
| 1 | ശ്രീ. എം. എസ്. കെ. രാമസ്വാമി ഐഎഎസ്(റിട്ട.) | 08.12.1993 - 22.09.1996 |
| 2 | ശ്രീ. എം. എസ്. ജോസഫ് ഐഎഎസ്(റിട്ട.) | 29.09.1996 - 17.01.2001 |
| 3 | ശ്രീ. എൻ. മോഹൻദാസ് ജില്ലാ ജഡ്ജി (റിട്ട.) | 05.04.2001 - 04.04.2006 |
| 4 | ശ്രീ. പി. കമാൽകുട്ടി ഐഎഎസ്(റിട്ട.) | 17.04.2006 - 16.04.2011 |
| 5 | ശ്രീ. കെ. ശശിധരൻ നായർ ജില്ലാ ജഡ്ജി (റിട്ട.) | 18.04.2011 - 20.02.2016 |
| 6 | ശ്രീ. വി. ഭാസ്കരൻ ജില്ലാ ജഡ്ജി (റിട്ട.) | 31.03.2016 - 30.03.2021 |

**സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ വിലാസം:**

**സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**ജനഹിതം, വികാസ്ഭവൻ**

**തിരുവനന്തപുരം 695033**

**വെബ്സൈറ്റ്:** https://www.sec.kerala.gov.in

**ഫോൺ** 0471 2328157 Email : cru.sec@kerala.gov.in

# അദ്ധ്യായം 2

## തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പ്

1950 ലെ തിരുവിതാംകൂർ കൊച്ചി പഞ്ചായത്ത് രാജ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം 1953 ൽ ആദ്യമായി തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പ് നടന്നു. 1957 ൽ രൂപീകരിച്ച ഭരണപരിഷ്കരണകമ്മിറ്റി അധികാരവികേന്ദ്രീകരണത്തിനും, ഗ്രാമപഞ്ചായത്തുകളും ജില്ലാ കൗൺസിലുകളും ഉൾപ്പെട്ട ദ്വിതലഭരണസംവിധാനത്തിനും ശിപാർശ ചെയ്തു.

കേരള സംസ്ഥാന രൂപീകരണത്തിന് ശേഷം 1960 ൽ പഞ്ചായത്ത് മുനിസിപ്പാലിറ്റി ആക്ട് നിലവിൽ വന്നു. 1960 ലെ പഞ്ചായത്ത്‌രാജ് ആക്ട് തദ്ദേശസ്വയംഭരണവകുപ്പിനെ പഞ്ചായത്ത് വകുപ്പ്, മുനിസിപ്പാലിറ്റി വകുപ്പ് എന്നിങ്ങനെ രണ്ടായി വിഭജിക്കാൻ ശിപാർശ ചെയ്തു. 1963 ൽ സംസ്ഥാനത്തെ രണ്ടാമത്തെ തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പ് നടന്നു. തുടർന്ന് 1979 ലും 1988 ലും തിരഞ്ഞെടുപ്പ് നടന്നു.

### 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടും 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടും

1992 ലെ ഭരണഘടന 73-ാം ഭേദഗതി ആക്ടിനനുസൃമായി സംസ്ഥാനത്ത് 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടും 74-ാം ഭേദഗതി ആക്ടിനനുസൃതമായി 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടും നിലവിൽ വന്നു. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 മാർച്ച് 24-ാം തീയതിയും കേരള മുനിസിപ്പാലിറ്റി ആക്ട് 1994 മെയ് 30-ാം തീയതിയുമാണ് പ്രാബല്യത്തിൽ വന്നത്.

ഭരണഘടനയുടെ 243K പ്രകാരം കേരള സംസ്ഥാനത്ത് സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷൻ 1993 ഡിസംബർ 3 ന് സ്ഥാപിതമായി. അതിനെ തുടർന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആദ്യ പൊതു തിരഞ്ഞെടുപ്പ് 1995 ൽ നടത്തി. പിന്നീട് 2000, 2005, 2010, 2015, 2020 എന്നീ വർഷങ്ങളിലും പൊതുതിരഞ്ഞെടുപ്പ് നടന്നു.

### 1995 ലെ പൊതുതിരഞ്ഞെടുപ്പ്

1994 ലെ കേരള പഞ്ചായത്ത് രാജ്, കേരള മുനിസിപ്പാലിറ്റി ആക്ടുകൾ നിലവിൽ വന്നതിനു ശേഷം ഇതുവരെ 6 പൊതുതിരഞ്ഞെടുപ്പുകൾ നടന്നു. ആദ്യ തിരഞ്ഞെടുപ്പ് 1995 സെപ്റ്റംബർ 23, 25 തീയതികളിൽ നടന്നു.

990 ഗ്രാമപഞ്ചായത്തുകളിലെ 10720 നിയോജക മണ്ഡലങ്ങളിലും 152 ബ്ലോക്ക് പഞ്ചായത്തുകളിലെ 1543 നിയോജക മണ്ഡലങ്ങളിലും 14 ജില്ലാ

പഞ്ചായത്തിലെ 288 നിയോജക മണ്ഡലങ്ങളിലും 55 മുനിസിപ്പാലിറ്റികളിലെ 1432 വാർഡുകളിലും 3 കോർപ്പറേഷനുകളിലെ 179 വാർഡുകളിലും ആണ് ആദ്യ പൊതു തിരഞ്ഞെടുപ്പ് നടന്നത്.

1995 ഒക്ടോബർ 2ന് പുതുതായി തിരഞ്ഞെടുക്കപ്പെട്ട തദ്ദേശസ്ഥാപനങ്ങൾ നിലവിൽ വന്നു.

## 2000 ലെ പൊതുതിരഞ്ഞെടുപ്പ്

2000-ൽ 991 ഗ്രാമപഞ്ചായത്തുകളിലെ 13255 വാർഡുകളിലേയ്ക്കും, 152 ബ്ളോക്ക് പഞ്ചായത്തുകളിലെ 1638 വാർഡുകളിലേയ്ക്കും 14 ജില്ലാപഞ്ചായത്തുകളിലെ 307 വാർഡുകളിലേയ്ക്കും 53 മുനിസിപ്പാലിറ്റികളിലെ 1597 വാർഡുകളിലേയ്ക്കും 5 കോർപ്പറേഷനുകളിലെ 298 വാർഡുകളിലേയ്ക്കുമുള്ള പൊതു തിരഞ്ഞെടുപ്പ് മൂന്ന് ഘട്ടങ്ങളിലായാണ് നടന്നത്. ആദ്യഘട്ടം 2000 സെപ്റ്റംബർ 25 നും 27 നും, രണ്ടാം ഘട്ടം നവംബർ 25 നും മൂന്നാം ഘട്ടം 2001 ജനുവരി 29 നും നടന്നു.

## 2005 ലെ പൊതുതിരഞ്ഞെടുപ്പ്

2005 സെപ്റ്റംബർ 24, 26 തീയതികളിൽ 999 ഗ്രാമപഞ്ചായത്തുകളിലെ 16139 നിയോജകമണ്ഡലങ്ങളിലും, 152 ബ്ലോക്ക് പഞ്ചായത്തുകളിലെ 2007 നിയോജക മണ്ഡലങ്ങളിലും, 14 ജില്ലാ പഞ്ചായത്തുകളിലെ 339 നിയോജക മണ്ഡലങ്ങളിലും 53 മുനിസിപ്പാലിറ്റികളിലെ 1756 വാർഡുകളിലും 5 മുനിസിപ്പൽ കോർപ്പറേഷനുകളിലെ 316 വാർഡുകളിലും തിരഞ്ഞെടുപ്പ് നടന്നു.

2005 ഒക്ടോബർ 2-ന് തിരഞ്ഞെടുക്കപ്പെട്ട പുതിയ തദ്ദേശസ്ഥാപനങ്ങൾ നിലവിൽ വന്നു.

## 2010 ലെ പൊതുതിരഞ്ഞെടുപ്പ്

2010 ന് മുൻപ് സംസ്ഥാനത്ത് ആകെ 999 ഗ്രാമപഞ്ചായത്തുകളും, 152 ബ്ലോക്ക് പഞ്ചായത്തുകളും, 14 ജില്ലാ പഞ്ചായത്തുകളും, 53 മുനിസിപ്പാലിറ്റികളും, 5 കോർപ്പറേഷനുകളും നിലവിൽ ഉണ്ടായിരുന്നു.

2010 ൽ സർക്കാർ പുതിയ 7 മുനിസിപ്പാലിറ്റികൾ രൂപീകരിച്ചു. ഇടുക്കി ജില്ലയിൽ മൂന്നാർ ഗ്രാമപഞ്ചായത്തിലെ ഒരു വാർഡ് ഉൾപ്പെടുത്തി ഇടമലക്കുടി ഗ്രാമപഞ്ചായത്ത് രൂപീകരിച്ചു. സംസ്ഥാനത്തെ ഏക ട്രൈബൽ പഞ്ചായത്താണിത്.

2010 ലെ പൊതു തിരഞ്ഞെടുപ്പിന് മുന്നോടിയായി മുഴുവൻ തദ്ദേശ സ്ഥാപനങ്ങളിലും വാർഡ് പുനർവിഭജനം നടന്നു.

2010 ഒക്ടോബർ 23 ന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെയും 25 ന് ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലെയും തിരഞ്ഞെടുപ്പ് നടന്നു.

978 ഗ്രാമപഞ്ചായത്തുകളിലെ 16680 വാർഡുകളിലും, 152 ബ്ലോക്ക് പഞ്ചായത്തുകളിലെ 2095 വാർഡുകളിലും, 14 ജില്ലാ പഞ്ചായത്തുകളിലെ 332 വാർഡുകളിലും, 60 മുനിസിപ്പാലിറ്റികളിലെ 2216 വാർഡുകളിലും, 5 കോർപ്പറേഷനുകളിലെ 359 വാർഡുകളിലുമാണ് തിരഞ്ഞെടുപ്പ് നടന്നത്.

2010 നവംബർ ഒന്നിന് തിരഞ്ഞെടുക്കപ്പെട്ട പുതിയ തദ്ദേശസ്ഥാപനങ്ങൾ നിലവിൽ വന്നു.

## 2015 ലെ പൊതുതിരഞ്ഞെടുപ്പ്

2015 ലെ പൊതുതിരഞ്ഞെടുപ്പിന് മുൻപ് പുതുതായി 28 മുനിസിപ്പാലിറ്റികളും, കണ്ണൂർ കോർപ്പറേഷനും രൂപീകരിക്കപ്പെട്ടു. കൊല്ലം ജില്ലയിൽ കൊട്ടാരക്കര, പത്തനംതിട്ട ജില്ലയിൽ പന്തളം, ആലപ്പുഴ ജില്ലയിൽ ഹരിപ്പാട്, കോട്ടയം ജില്ലയിൽ പിറവം, കൂത്താട്ടുകുളം, തൃശ്ശൂർ ജില്ലയിൽ വടക്കാഞ്ചേരി, പാലക്കാട് ജില്ലയിൽ പട്ടാമ്പി, ചെർപ്പുളശ്ശേരി, മണ്ണാർക്കാട്, മലപ്പുറം ജില്ലയിൽ താനൂർ, പരപ്പനങ്ങാടി, വളാഞ്ചേരി, തിരൂരങ്ങാടി, കൊണ്ടോട്ടി, കോഴിക്കോട് ജില്ലയിൽ പയ്യോളി, രാമനാട്ടുകര, കൊടുവള്ളി, മുക്കം, ഫറോക്ക്, വയനാട് ജില്ലയിൽ മാനന്തവാടി, സുൽത്താൻ ബത്തേരി, കണ്ണൂർ ജില്ലയിൽ ഇരിട്ടി, പാനൂർ, ശ്രീകണ്ഠപുരം, ആന്തൂർ എന്നിവയാണ് പുതിയതായി വന്ന മുനിസിപ്പാലിറ്റികൾ.

പുതിയതായി രൂപീകരിച്ചതും അതിർത്തികളിൽ വ്യത്യാസം വന്നതുമായ 30 മുനിസിപ്പാലിറ്റികൾ, രണ്ട് കോർപ്പറേഷനുകൾ, ആറ് ഗ്രാമപഞ്ചായത്തുകൾ എന്നിവയിൽ പൊതുതിരഞ്ഞെടുപ്പിന് മുമ്പായി വാർഡ് വിഭജനം നടന്നു.

പൊതുതിരഞ്ഞെടുപ്പ് തിരുവനന്തപുരം, കൊല്ലം, ഇടുക്കി, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ 2015 നവംബർ രണ്ടിനും പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിൽ നവംബർ അഞ്ചിനും നടന്നു.

2015 നവംബർ 12 ന് പുതുതായി തിരഞ്ഞെടുക്കപ്പെട്ട ഭരണ സമിതി നിലവിൽ വന്നു.

941 ഗ്രാമപഞ്ചായത്തുകളിലെയും (15962 നിയോജക മണ്ഡലങ്ങൾ), 152 ബ്ലോക്ക് പഞ്ചായത്തുകളിലെയും (2080 നിയോജക മണ്ഡലങ്ങൾ), 14 ജില്ലാ പഞ്ചായത്തുകളിലെയും (331 നിയോജകമണ്ഡലങ്ങൾ), 86 മുനിസിപ്പാലിറ്റികളിലെയും (3078 വാർഡുകൾ), 6 കോർപ്പറേഷനുകളിലെയും (414 വാർഡുകൾ) തിരഞ്ഞെടുപ്പാണ് നടന്നത്.

## 2020 ലെ പൊതുതിരഞ്ഞെടുപ്പ്

2020 ഡിസംബർ 8, 10, 14 എന്നീ തീയതികളിലാണ് 2020 ലെ പൊതു തിരഞ്ഞെടുപ്പ് നടന്നത്. ഡിസംബർ 8 ന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി ജില്ലകളിലും 10 ന് കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, വയനാട് ജില്ലകളിലും 14 ന് മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലും തിരഞ്ഞെടുപ്പ് നടന്നു. വോട്ടെണ്ണൽ 16 നാണ് നടത്തിയത്. തിരഞ്ഞെടുപ്പ് പ്രഖ്യാപനം നവംബർ 6 നും വിജ്ഞാപനം 12 നും പുറപ്പെടുവിച്ചിരുന്നു.

941 ഗ്രാമപഞ്ചായത്തുകളിലെ 15962 വാർഡുകളിലേക്കും 152 ബ്ലോക്ക് പഞ്ചായത്തുകളിലെ 2080 വാർഡുകളിലേക്കും 14 ജില്ലാപഞ്ചായത്തുകളിലെ 331 വാർഡുകളിലേക്കും 86 മുനിസിപ്പാലിറ്റികളിലെ 3078 വാർഡുകളിലേക്കും 6 കോർപ്പറേഷനുകളിലെ 414 വാർഡുകളിലേക്കുമാണ് പൊതുതിരഞ്ഞെടുപ്പ് നടന്നത്. കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റിയിൽ നിലവിലുണ്ടായിരുന്ന കൗൺസിലിന്റെ കാലാവധി 2022 സെപ്റ്റംബർ 10 ന് മാത്രമാണ് അവസാനിച്ചിരുന്നത്. അതിനാൽ, അതിലേക്കുള്ള പൊതുതിരഞ്ഞെടുപ്പ് 2022 ആഗസ്റ്റ് 20 നാണ് നടത്തിയത്.

പുതിയതായി തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെയും കൗൺസിലർമാരുടെയും സത്യപ്രതിജ്ഞ 2020 ഡിസംബർ 21 നാണ് നടന്നത്. എന്നാൽ, മലപ്പുറം ജില്ലയിലെ വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിൽ ഡിസംബർ 22 നും ചേക്കോട് ഗ്രാമപഞ്ചായത്തിൽ ഡിസംബർ 26 നും തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിൽ 2021 ജനുവരി 16 നും, മംഗലം, വെട്ടം, തിരുനാവായ, മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തുകളിലും തിരൂർ ബ്ലോക്ക് പഞ്ചായത്തിലും ഫെബ്രുവരി ഒന്നിനുമാണ് സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ ചെയ്തത്. മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളിലെ ചെയർപേഴ്സൺ, ഡെപ്യൂട്ടി ചെയർപേഴ്സൺ തിരഞ്ഞെടുപ്പ് 2020 ഡിസംബർ 28 നും ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിലെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ് തിരഞ്ഞെടുപ്പ് ഡിസംബർ 30 നും നടത്തിയിരുന്നു. കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ആവശ്യമായ മുൻകരുതലുകൾ സ്വീകരിച്ചാണ് 2020 ലെ പൊതുതിരഞ്ഞെടുപ്പ് നടത്തിയിരുന്നത്.

## പ്രത്യേക തിരഞ്ഞെടുപ്പ് 2021

സ്ഥാനാർത്ഥികളുടെ മരണത്തെ തുടർന്ന് തിരഞ്ഞെടുപ്പ് മാറ്റിവച്ച ഏഴ് തദ്ദേശ സ്വയംഭരണ വാർഡുകളിലേക്കുള്ള പ്രത്യേക തിരഞ്ഞെടുപ്പ് 2021 ജനുവരി 21 ന് നടന്നു. കൊല്ലം പന്മന ഗ്രാമപഞ്ചായത്തിലെ പറമ്പിമുക്ക് (05), ചോല (13), ആലപ്പുഴ ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിലെ പി.എച്ച്.സി വാർഡ് (7), എറണാകുളം കളമശ്ശേരി മുനിസിപ്പാലിറ്റിയിലെ മുൻസിപ്പൽ വാർഡ്(37), തൃശൂർ കോർപ്പറേഷനിലെ പുല്ലഴി വാർഡ്(47), കോഴിക്കോട് മാവൂർ ഗ്രാമപഞ്ചായത്തിലെ താത്തൂർപൊയ്യിൽ (11), കണ്ണൂർ ജില്ലാ പഞ്ചായത്തിലെ തില്ലങ്കേരി(07) എന്നിവിടങ്ങളിലാണ് പ്രത്യേക തിരഞ്ഞെടുപ്പ് നടന്നത്.

## ഉപതിരഞ്ഞെടുപ്പ്

അംഗങ്ങളുടെ / കൗൺസിലർമാരുടെ മരണം/ രാജി/ അയോഗ്യത മൂലമുണ്ടാകുന്ന ആകസ്മിക ഒഴിവുകളിലേയ്ക്കാണ് ഉപതിരഞ്ഞെടുപ്പ് നടത്തുന്നത്. 2020 ലെ പൊതുതിരഞ്ഞെടുപ്പിനു ശേഷം ഇതുവരെ 13 ഉപതിരഞ്ഞെടുപ്പുകൾ നടന്നു. 12 ജില്ലാപഞ്ചായത്ത് വാർഡുകളിലും 33 ബ്ളോക്ക്പഞ്ചായത്ത് വാർഡുകളിലും 276 ഗ്രാമപഞ്ചായത്ത് വാർഡുകളിലും 44 മുനിസിപ്പാലിറ്റി വാർഡുകളിലും 10 കോർപ്പറേഷൻ വാർഡുകളിലുമാണ് ഉപതിരഞ്ഞെടുപ്പ് നടത്തിയത്.

## മട്ടന്നൂർ നഗരസഭാ തിരഞ്ഞെടുപ്പ്

കണ്ണൂർ ജില്ലയിലെ മട്ടന്നൂർ നഗരസഭയിൽ കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പ് 2022 ആഗസ്റ്റ് 20 നും സത്യപ്രതിജ്ഞ സെപ്തംബർ 11 നുമായിരുന്നു. മട്ടന്നൂർ നഗരസഭയിലെ നിലവിലെ ഭരണസമിതിയുടെ കാലാവധി 2027 സെപ്തംബർ 10 നാണ് അവസാനിക്കുക.

# അധ്യായം 3
## തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ

സംസ്ഥാനത്ത് 941 ഗ്രാമപഞ്ചായത്തുകൾ, 152 ബ്ലോക്ക് പഞ്ചായത്തുകൾ, 14 ജില്ലാ പഞ്ചായത്തുകൾ എന്നീ ത്രിതല പഞ്ചായത്ത് സ്ഥാപനങ്ങളും 87 മുനിസിപ്പൽ കൗൺസിലുകൾ, 6 മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നീ അർബൻ സ്ഥാപനങ്ങളുമാണുള്ളത്. അവയുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ:

| ജില്ല/ തദ്ദേശസ്ഥാപനം | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | മുനിസി പ്പാലിറ്റി | കോർപ്പ റേഷൻ | ജില്ലാ പഞ്ചാ യത്ത് | ആകെ |
|---|---|---|---|---|---|---|
| തിരുവനന്തപുരം | 73 | 11 | 4 | 1 | 1 | 90 |
| കൊല്ലം | 68 | 11 | 4 | 1 | 1 | 85 |
| പത്തനംതിട്ട | 53 | 8 | 4 | | 1 | 66 |
| ആലപ്പുഴ | 72 | 12 | 6 | | 1 | 91 |
| കോട്ടയം | 71 | 11 | 6 | | 1 | 89 |
| ഇടുക്കി | 52 | 8 | 2 | | 1 | 63 |
| എറണാകുളം | 82 | 14 | 13 | 1 | 1 | 111 |
| തൃശൂർ | 86 | 16 | 7 | 1 | 1 | 111 |
| പാലക്കാട് | 88 | 13 | 7 | | 1 | 109 |
| മലപ്പുറം | 94 | 15 | 12 | | 1 | 122 |
| കോഴിക്കോട് | 70 | 12 | 7 | 1 | 1 | 91 |
| വയനാട് | 23 | 4 | 3 | | 1 | 31 |
| കണ്ണൂർ | 71 | 11 | 9 | 1 | 1 | 93 |
| കാസർകോട് | 38 | 6 | 3 | | 1 | 48 |
| ആകെ | 941 | 152 | 87 | 6 | 14 | 1200 |

## തദ്ദേശസ്ഥാപനങ്ങളിലെ അധ്യക്ഷൻ, ഉപാധ്യക്ഷൻ

| | |
|---|---|
| ഗ്രാമപഞ്ചായത്ത് | പ്രസിഡന്റ്, വൈസ് പ്രസിഡന്റ് |
| ബ്ലോക്ക് പഞ്ചായത്ത് | പ്രസിഡന്റ്, വൈസ് പ്രസിഡന്റ് |
| ജില്ലാ പഞ്ചായത്ത് | പ്രസിഡന്റ്, വൈസ് പ്രസിഡന്റ് |
| മുനിസിപ്പാലിറ്റി | ചെയർമാൻ, വൈസ് ചെയർമാൻ |
| കോർപ്പറേഷൻ | മേയർ, ഡപ്യൂട്ടി മേയർ |

### വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ

| തദ്ദേശസ്ഥാപനം | സ്റ്റാന്റിംഗ് കമ്മിറ്റികൾ |
|---|---|
| ഗ്രാമപഞ്ചായത്ത് & ബ്ലോക്ക് പഞ്ചായത്ത് | 1. ധനകാര്യം<br>2. വികസനകാര്യം<br>3. ക്ഷേമകാര്യം<br>4. ആരോഗ്യവും വിദ്യാഭ്യാസവും |
| ജില്ലാ പഞ്ചായത്ത് | 1. ധനകാര്യം<br>2. വികസനകാര്യം<br>3. പൊതുമരാമത്ത്<br>4. ക്ഷേമകാര്യം<br>5. ആരോഗ്യവും വിദ്യാഭ്യാസവും |
| മുനിസിപ്പൽ കൗൺസിൽ | 1. ധനകാര്യം<br>2. വികസനകാര്യം<br>3. ക്ഷേമകാര്യം<br>4. ആരോഗ്യം<br>5. പൊതുമരാമത്ത്<br>6. വിദ്യാഭ്യാസം,കലാകായികം |
| മുനിസിപ്പൽ കോർപ്പറേഷൻ | 1. ധനകാര്യം<br>2. വികസനകാര്യം<br>3. ക്ഷേമകാര്യം<br>4. ആരോഗ്യം<br>5. പൊതുമരാമത്ത്<br>6. ടൗൺ പ്ലാനിംഗ്<br>7. നികുതി അപ്പീൽ കാര്യം<br>8. വിദ്യാഭ്യാസ കാര്യം |

# അധ്യായം 4

# ഡീലിമിറ്റേഷൻ കമ്മീഷനും വാർഡുവിഭജനവും

## അംഗസംഖ്യ (വാർഡുകളുടെ എണ്ണം)

കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട്, അനുബന്ധ ചട്ടങ്ങൾ എന്നിവയിലെ അംഗസംഖ്യ നിശ്ചയിക്കലുമായി ബന്ധപ്പെട്ട് നിയമഭേദഗതി സർക്കാർ 2024 ൽ വരുത്തിയിരുന്നു. അതനുസരിച്ച് ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളിൽ ഏറ്റവും കുറഞ്ഞത് 14 ഉം കൂടിയത് 24 ഉം വാർഡുകളുണ്ടാകും. ജില്ലാ പഞ്ചായത്തുകളിൽ ഇത് യഥാക്രമം 17 ഉം 33 ഉം ആണ്. മുനിസിപ്പാലിറ്റികളിൽ ഏറ്റവും കുറഞ്ഞത് 26 ഉം, ഏറ്റവും കൂടിയത് 53 വാർഡുകളുണ്ടാകും. കോർപ്പറേഷനുകളിൽ ഇത് യഥാക്രമം 56 ഉം, 101 ഉം ആണ്.

സെൻസസ് ജനസംഖ്യ അടിസ്ഥാനത്തിൽ ത്രിതല പഞ്ചായത്ത് നിയോജക മണ്ഡലങ്ങളുടെ എണ്ണം തദ്ദേശസ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടറും മുനിസിപ്പാലിറ്റി കോർപ്പറേഷൻ വാർഡുകളുടെ എണ്ണം സർക്കാരും പുനർനിശ്ചയിച്ചു വിജ്ഞാപനം പുറപ്പെടുവിച്ചു.

സർക്കാർ വിജ്ഞാപന പ്രകാരം സംസ്ഥാനത്തെ തദ്ദേശസ്ഥാപനങ്ങളിലെ ആകെ വാർഡുകളുടെ എണ്ണം 23612 ആണ്. പുനർനിശ്ചയിക്കുന്നതിന് മുൻപ് ഇത് 21900 ആയിരുന്നു. 2011 ലെ സെൻസസ് പ്രകാരമുള്ള ജനസംഖ്യാടിസ്ഥാനത്തിലാണ് വാർഡുകളുടെ എണ്ണം പുനർനിശ്ചയിച്ചിട്ടുള്ളത്. 87 മുനിസിപ്പാലിറ്റികളിലെ നിലവിലുണ്ടായിരുന്ന 3113 വാർഡുകൾ 3241 ആയും, ആറ് കോർപ്പറേഷനുകളിലെ 414 വാർഡുകൾ 421 ആയും, 941 ഗ്രാമപഞ്ചായത്തുകളിലെ 15962 വാർഡുകൾ 17337 ആയും, 152 ബ്ലോക്ക് പഞ്ചായത്തുകളിലെ 2080 വാർഡുകൾ 2267 ആയും, 14 ജില്ലാ പഞ്ചായത്തുകളിലെ 331 വാർഡുകൾ 346 ആയും വർദ്ധിച്ചു .

## ഡീലിമിറ്റേഷൻ കമ്മീഷൻ

തദ്ദേശസ്ഥാപനങ്ങളുടെ അംഗസംഖ്യ പുതുക്കി നിശ്ചയിച്ചത് പ്രകാരം വാർഡ് വിഭജനം നടത്തുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ ചെയർമാനും ഗവ.സെക്രട്ടറിമാരായ ഡോ.രത്തൻ യു ഖേൽക്കർ, കെ.ബിജു, എസ് ഹരികിഷോർ, ഡോ. കെ.വാസുകി എന്നിവർ അംഗങ്ങളുമായി സർക്കാർ ഡീലിമിറ്റേഷൻ കമ്മീഷൻ രൂപീകരിച്ചു.

2011 ലെ ജനസംഖ്യയും 2024 ലെ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരമുള്ള വാസഗൃഹങ്ങളുടെ എണ്ണവും അടിസ്ഥാനമാക്കിയാണ് പുതിയ വാർഡുകളിലെ ജനസംഖ്യ തിട്ടപ്പെടുത്തിയത്. പ്രകൃതിദത്തമായ അതിർത്തികൾ ലഭിക്കുന്നതിന് ശരാശരി ജനസംഖ്യയിൽ 10% വ്യതിയാനം ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി കോർപ്പറേഷനുകൾക്കും 20% വ്യതിയാനം ബ്ലോക്ക് പഞ്ചായത്തിനും 25% ജില്ലാപഞ്ചായത്തിനും അനുവദിച്ചിരുന്നു.

മൂന്ന് ഘട്ടങ്ങളിലായാണ് വാർഡു വിഭജന പ്രക്രിയ പൂർത്തിയാക്കിയത്. ഒന്നാം ഘട്ടത്തിൽ 940 ഗ്രാമപഞ്ചായത്തുകൾ, 86 മുനിസിപ്പാലിറ്റികൾ, 6 കോർപ്പറേഷനുകൾ എന്നിവയുടെ വാർഡു വിഭജനം നടന്നു. 2011 ലെ ജനസംഖ്യ അടിസ്ഥാനമാക്കി 2015 - ൽ വാർഡ് വിഭജനം നടത്തിയതും 2024 - ൽ അംഗസംഖ്യയിൽ വ്യത്യാസമില്ലാത്തതുമായ പാലക്കാട് ജില്ലയിലെ തൃക്കടീരി ഗ്രാമപഞ്ചായത്ത്, ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റി എന്നിവ ഡീലിമിറ്റേഷനിൽ നിന്നും ഒഴിവാക്കിയിരുന്നു.

ഒന്നാംഘട്ടത്തിൽ കരട് വാർഡു വിഭജനറിപ്പോർട്ട് 2024 നവംബർ 18 ന് പ്രസിദ്ധീകരിച്ചിരുന്നു. അന്തിമ വിഭജന റിപ്പോർട്ട് ഗ്രാമപഞ്ചായത്തുകളുടേത് 19.05.2025 നും മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയുടേത് 28.05.2025 നും വിജ്ഞാപനം ചെയ്തു.

രണ്ടാം ഘട്ടത്തിൽ 152 ബ്ലോക്ക് പഞ്ചായത്തുകളുടെ കരട് വാർഡു വിഭജന റിപ്പോർട്ട് 30.05.2025 ന് പ്രസിദ്ധീകരിച്ചിരുന്നു. കരട് റിപ്പോർട്ട് സംബന്ധിച്ച ആക്ഷേപങ്ങൾ തീർപ്പാക്കി അന്തിമ വിജ്ഞാപനം 11.07.2025 തീയതി പ്രസിദ്ധീകരിച്ചു.

മൂന്നാംഘട്ടത്തിൽ ജില്ലാ പഞ്ചായത്തുകളുടെ കരട് വിഭജന റിപ്പോർട്ട് 21.07.2025 നും അന്തിമ വിജ്ഞാപനം 12.08.2025 നും പ്രസിദ്ധീകരിച്ചു.

## ഡിജിറ്റൽ വാർഡ് ഭൂപടം

2025 ലെ വാർഡ് വിഭജനത്തിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്ഥാപനങ്ങളുടെയും ഡിജിറ്റൽ വാർഡ് ഭൂപടം ഡീലിമിറ്റേഷൻ കമ്മീഷൻ തയ്യാറാക്കി. ഇൻഫർമേഷൻ കേരള മിഷന്റെ സാങ്കേതിക സഹായത്തോടെ Q – Field ആപ്പ് ഉപയോഗിച്ച് ഫീൽഡ് പരിശോധന നടത്തിയാണ് ഡിജിറ്റൽ ഭൂപടം തയ്യാറാക്കിയത്. ഡീലിമിറ്റേഷൻ കമ്മീഷൻ പുനർനിർണ്ണയിച്ചിട്ടുള്ള വാർഡുകളുടെ അതിർത്തികൾക്കനുസൃതമായാണ് ഭൂപടം തയ്യാറാക്കിയിട്ടുള്ളത്.

തദ്ദേശസ്ഥാപനങ്ങളുടെ വോട്ടർ പട്ടിക തയ്യാറാക്കൽ, പോളിംഗ് സ്റ്റേഷൻ നിശ്ചയിക്കൽ തുടങ്ങിയ തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾക്ക് പുറമേ വിവിധ സർക്കാർ വകുപ്പുകൾക്കും തദ്ദേശസ്ഥാപനങ്ങൾക്കും പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനും മറ്റ് അക്കാദമിക് ആവശ്യങ്ങൾക്കും ഡിജിറ്റൽ ഭൂപടം സഹായകരമാകും.

## നിയോജകമണ്ഡലങ്ങൾ/വാർഡുകൾ

1200 തദ്ദേശസ്ഥാപനങ്ങളിൽ ആകെ 23,612 നിയോജകമണ്ഡലങ്ങൾ/ വാർഡുകൾ ആണുള്ളത്. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ 19950 നിയോജക മണ്ഡലങ്ങളും, കോർപ്പറേഷൻ, മുനിസിപ്പാലിറ്റികളിൽ 3662 വാർഡുകളും.

## തദ്ദേശസ്ഥാപനങ്ങളും നിയോജകമണ്ഡലങ്ങളും/വാർഡുകളും

| തദ്ദേശസ്ഥാപനം | എണ്ണം | നിയോജകമണ്ഡലം / വാർഡ് എണ്ണം (ബ്രാക്കറ്റിൽ ഡീലിമിറ്റേഷന് മുൻപ്) |
|---|---|---|
| ഗ്രാമപഞ്ചായത്ത് | 941 | 17337 (15962) |
| ബ്ലോക്ക് പഞ്ചായത്ത് | 152 | 2267 (2080) |
| ജില്ലാപഞ്ചായത്ത് | 14 | 346 (331) |
| മുനിസിപ്പാലിറ്റി | 87 | 3241 (3113) |
| കോർപ്പറേഷൻ | 6 | 421 (414) |
| ആകെ | 1200 | 23612 (21900) |

## ജില്ല,തദ്ദേശസ്ഥാപനങ്ങൾ,നിയോജകമണ്ഡലങ്ങൾ/വാർഡുകൾ

| ജില്ല / വാർഡുകളുടെ എണ്ണം ഡീലമിറ്റേഷന് ശേഷം (ബ്രാക്കറ്റിൽ ഡീലിമിറ്റഷന് മുൻപ്) | ഗ്രാമ പഞ്ചായത്ത് നിയോജക മണ്ഡലം | ബ്ലോക്ക് പഞ്ചായത്ത് നിയോജക മണ്ഡലം | ജില്ലാ പഞ്ചായത്ത് നിയോജക മണ്ഡലം | മുനിസിപ്പാലിറ്റി വാർഡ് | കോർപ്പറേഷൻ വാർഡ് | ആകെ |
|---|---|---|---|---|---|---|
| തിരുവനന്തപുരം | 1386<br>(1299) | 169<br>(155) | 28<br>(26) | 154<br>(147) | 101<br>(100) | **1838**<br>(1727) |
| കൊല്ലം | 1314<br>(1234) | 166<br>(152) | 27<br>(26) | 135<br>(131) | 56<br>(55) | **1698**<br>(1598) |
| പത്തനംതിട്ട | 833<br>(788) | 114<br>(106) | 17<br>(16) | 135<br>(132) | | **1099**<br>(1042) |
| ആലപ്പുഴ | 1253<br>(1169) | 170<br>(158) | 24<br>(23) | 219<br>(215) | | **1666**<br>(1565) |
| കോട്ടയം | 1223<br>(1140) | 157<br>(146) | 23<br>(22) | 208<br>(204) | | **1611**<br>(1512) |
| ഇടുക്കി | 834<br>(792) | 112<br>(104) | 17<br>(16) | 73<br>(69) | | **1036**<br>(981) |
| എറണാകുളം | 1467<br>(1338) | 202<br>(185) | 28<br>(27) | 447<br>(421) | 76<br>(74) | **2220**<br>(2045) |
| തൃശൂർ | 1601<br>(1465) | 231<br>(213) | 30<br>(29) | 286<br>(274) | 56<br>(55) | **2204**<br>(2036) |
| പാലക്കാട് | 1636<br>(1490) | 200<br>(183) | 31<br>(30) | 249<br>(240) | | **2116**<br>(1943) |
| മലപ്പുറം | 2001<br>(1778) | 250<br>(223) | 33<br>(32) | 505<br>(479) | | **2789**<br>(2512) |
| കോഴിക്കോട് | 1343<br>(1226) | 183<br>(169) | 28<br>(27) | 273<br>(265) | 76<br>(75) | **1903**<br>(1762) |
| വയനാട് | 450<br>(413) | 59<br>(54) | 17<br>(16) | 103<br>( 99) | | **629**<br>(582) |
| കണ്ണൂർ | 1271<br>(1166) | 162<br>(149) | 25<br>(24) | 334<br>(324) | 56<br>(55) | **1848**<br>(1718) |
| കാസർകോട് | 725<br>(664) | 92<br>(83) | 18<br>(17) | 120<br>(113) | | **955**<br>(877) |
| **ആകെ** | **17337**<br>**(15962)** | **2267**<br>**(2080)** | **346**<br>**(331)** | **3241**<br>**(3113)** | **421**<br>**(414)** | **23612**<br>**(21900)** |

## സംവരണം വാർഡുകളിൽ

സ്ത്രീ, പട്ടികജാതി സ്ത്രീ, പട്ടികജാതി, പട്ടികവർഗ്ഗം സ്ത്രീ, പട്ടികവർഗ്ഗം എന്നിങ്ങനെ അഞ്ച് വിഭാഗങ്ങൾക്കാണ് സംവരണം നിശ്ചയിക്കുന്നത്. ഓരോ തദ്ദേശ സ്ഥാപനത്തിലും അത്തരത്തിൽ സംവരണം ഏർപ്പെടുത്തേണ്ട വാർഡുകളുടെ എണ്ണം നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. മുനിസിപ്പാലിറ്റികൾക്ക് സർക്കാരും പഞ്ചായത്തുകൾക്ക് തദ്ദേശ വകുപ്പ് റൂറൽ ഡയറക്ടറുമാണ് എണ്ണം നിശ്ചയിച്ചിട്ടുള്ളത്.

സ്ത്രീകൾക്ക് ഓരോ തദ്ദേശസ്ഥാപനത്തിലും 50 ശതമാനവും പട്ടികജാതി, പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് അവരുടെ ജനസംഖ്യ ആനുപാതികവുമായിട്ടാണ് സംവരണം നിശ്ചയിച്ചിട്ടുള്ളത്. ഓരോ സ്ഥാപനത്തിലെയും സംവരണ വാർഡുകളുടെ എണ്ണമനുസരിച്ച് അവ ഏതൊക്കെ വാർഡുകളിലാണെന്ന് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർ നിശ്ചയിച്ചു.

ആവർത്തനക്രമമനുസരിച്ച് നറുക്കെടുപ്പിലൂടെ സംവരണ വാർഡുകൾ നിശ്ചയിക്കുന്നതിന് ഗ്രാമ, ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളെ സംബന്ധിച്ച് ജില്ലാ കളക്ടറെയും മുനിസിപ്പാലിറ്റികളെ സംബന്ധിച്ച് തദ്ദേശ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടറെയും കോർപ്പറേഷനുകളെ സംബന്ധിച്ച് അർബൻ ഡയറക്ടറെയുമാണ് ഇതിനായി കമ്മീഷൻ അധികാരപ്പെടുത്തിയിരുന്നത്.

## സംവരണ വാർഡുകളുടെ എണ്ണം

| തദ്ദേശ സ്ഥാപനം | ആകെ വാർഡുകൾ | സ്ത്രീ സംവരണം | പട്ടിക ജാതി സംവരണം | പട്ടികജാതി -സ്ത്രീ സംവരണം | പട്ടിക വർഗ്ഗ സംവരണം | പട്ടിക വർഗ്ഗ -സ്ത്രീ സംവരണം | ജനറൽ വാർഡുകൾ |
|---|---|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 17337 | 8852 | 1759 | 783 | 289 | 121 | 7341 |
| ബ്ലോക്ക് പഞ്ചായത്ത് | 2267 | 1152 | 228 | 82 | 36 | 12 | 945 |
| ജില്ലാ പഞ്ചായത്ത് | 346 | 177 | 35 | 19 | 7 | 2 | 148 |
| മുനിസിപ്പാലിറ്റി | 3241 | 1643 | 236 | 123 | 16 | 7 | 1476 |
| കോർപ്പറേഷൻ | 421 | 211 | 26 | 15 | 0 | 0 | 199 |
| ആകെ | 23612 | 12035 | 2284 | 1022 | 348 | 142 | 10109 |

## അധ്യക്ഷൻ, ഉപാധ്യക്ഷൻ സംവരണം

സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളിലെ പ്രസിഡന്റ് സ്ഥാനങ്ങളും മുനിസിപ്പാലിറ്റി കോർപ്പറേഷനുകളിലെ ചെയർപേഴ്സൺ (ചെയർമാൻ & മേയർ) സ്ഥാനങ്ങളും സ്ത്രീ, പട്ടികജാതി സ്ത്രീ, പട്ടിക വർഗ്ഗം സ്ത്രീ, പട്ടിക ജാതി, പട്ടിക വർഗ്ഗം എന്നീ വിഭാഗങ്ങൾക്കായി സംവരണം ചെയ്യുന്നതിന് സംസ്ഥാനതലത്തിൽ എണ്ണം നിശ്ചയിച്ച് സർക്കാർ വിജ്ഞാപനം ചെയ്തിരുന്നു.

അതനുസരിച്ച്, ഓരോ സംവരണ വിഭാഗത്തിന്റെയും ജനസംഖ്യ പരിഗണിച്ച് അധ്യക്ഷസ്ഥാനം സംവരണം ചെയ്യേണ്ട തദ്ദേശ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് ആവർത്തനക്രമം പാലിച്ച് കമ്മീഷൻ നിശ്ചയിക്കും. ഇതിനായി 1995 മുതൽ നൽകിയിരുന്ന സംവരണം പരിഗണിക്കും.

അധ്യക്ഷസ്ഥാനം സ്ത്രീകൾക്ക് (പട്ടികജാതി സ്ത്രീ, പട്ടികവർഗ്ഗ സ്ത്രീ ഉൾപ്പെടെ) സംവരണം ചെയ്യാത്ത തദ്ദേശസ്ഥാപനങ്ങളിലെ ഉപാധ്യക്ഷൻ സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യും.

## അദ്ധ്യക്ഷസംവരണസ്ഥാനങ്ങളുടെ എണ്ണം

| തദ്ദേശ സ്ഥാപനം | ആകെ എണ്ണം | പട്ടികജാതി | | | പട്ടികവർഗ്ഗം | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | ആകെ | SC -W | SC | ആകെ | SC-W | ST | W (General) | W Total (SC + ST) | ജനറൽ |
| ഗ്രാമ പഞ്ചായത്ത് | 941 | 92 | 46 | 46 | 16 | 8 | 8 | 417 | 471 | 416 |
| ബ്ലോക്ക് പഞ്ചായത്ത് | 152 | 15 | 7 | 8 | 3 | 2 | 1 | 67 | 77 | 67 |
| ജില്ലാ പഞ്ചായത്ത് | 14 | 1 | - | 1 | - | - | - | 7 | 7 | 6 |
| മുനിസിപ്പാലിറ്റി | 87 | 6 | 3 | 3 | 1 | - | 1 | 41 | 44 | 39 |
| കോർപ്പറേഷൻ | 6 | - | - | - | - | - | - | 3 | 3 | 3 |
| **ആകെ** | **1200** | **114** | **56** | **58** | **20** | **10** | **10** | **535** | **602** | **531** |

## അധ്യായം 5

## വോട്ടർപട്ടിക

വോട്ടർപട്ടികയിൽ പേര് ഉൾപ്പെട്ടിട്ടുള്ള ഒരാൾക്ക് മാത്രമേ സമ്മതിദാനാവകാശം രേഖപ്പെടുത്താനും, തിരഞ്ഞെടുപ്പിൽ മത്സരിക്കാനും കഴിയൂ.

വോട്ടർപട്ടിക സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ മേൽനോട്ടത്തിലും നിയന്ത്രണത്തിലും അതത് സ്ഥാപനങ്ങളിലെ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറാണ് തയ്യാറാക്കുന്നത്.

ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റികളെ സംബന്ധിച്ച് അതത് തദ്ദേശസ്ഥാപന സെക്രട്ടറിമാരും കോർപ്പറേഷനെ സംബന്ധിച്ച് അഡീഷണൽ സെക്രട്ടറിയുമാണ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ.

ഒരു ഗ്രാമപഞ്ചായത്തിലെ/മുനിസിപ്പാലിറ്റിയിലെ/ മുനിസിപ്പൽ കോർപ്പറേഷനിലെ ഓരോ നിയോജകമണ്ഡലത്തിനും/വാർഡിനും ഒരു വോട്ടർ പട്ടിക ഉണ്ടായിരിക്കും.

അർഹതയുള്ള എല്ലാ ആളുകളുടെയും പേരുകൾ ഉൾപ്പെടുത്തിയും അനർഹരായവരുടെ പേരുകൾ ഒഴിവാക്കിയും വോട്ടർപട്ടിക തയ്യാറാക്കേണ്ടത് തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഓഫീസറുടെ അനിവാര്യചുമതലയാണ്.

പൊതുതിരഞ്ഞെടുപ്പിനും ഉപതിരഞ്ഞെടുപ്പിനും മുന്നോടിയായി വോട്ടർപട്ടിക പുതുക്കാറുണ്ട്. ഇതിന് പുറമെ, വോട്ടർപട്ടികയുടെ സംക്ഷിപ്ത പുതുക്കലും നടത്താറുണ്ട്. പുതുക്കുന്ന വർഷം ജനുവരി ഒന്നിന് 18 വയസ്സ് പൂർത്തിയായവരെയാണ് വോട്ടർപട്ടികയിൽ ഉൾപ്പെടുത്തുന്നത്.

വോട്ടർപട്ടിക മലയാളത്തിലാണ് തയ്യാറാക്കുന്നത്. എന്നാൽ ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളിലെ ഏതെങ്കിലും നിയോജകമണ്ഡലത്തിൽ 20 ശതമാനത്തിലധികം ആളുകൾ മറ്റേതെങ്കിലും പ്രാദേശിക ഭാഷ (തമിഴ്, കന്നഡ) സംസാരിക്കുന്നവരായി ഉണ്ടെങ്കിൽ , അവിടെ ആ ഭാഷയിലും വോട്ടർപട്ടിക തയ്യാറാക്കും.

ഗ്രാമപഞ്ചായത്തിലെ വോട്ടർപട്ടിക അടിസ്ഥാനമാക്കിയാണ് ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിലും തിരഞ്ഞെടുപ്പുകൾ നടത്തുന്നത്. അതിനാൽ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളിൽ പ്രത്യേകം വോട്ടർപട്ടിക തയ്യാറാക്കേണ്ടതില്ല.

തദ്ദേശ സ്ഥാപനങ്ങളുടെ വോട്ടർപട്ടിക അതത് സ്ഥാപനങ്ങളിലും കമ്മീഷന്റെ https://sec.kerala.gov.in വെബ് സൈറ്റിലും ലഭ്യമാണ്.

### എല്ലാ വോട്ടർമാർക്കും സവിശേഷ തിരിച്ചറിയൽ നമ്പർ

തദ്ദേശസ്ഥാപനതിരഞ്ഞെടുപ്പിനുള്ള വോട്ടർപട്ടികയിലെ എല്ലാ വോട്ടർമാർക്കും സവിശേഷ തിരിച്ചറിയൽ നമ്പർ ഉണ്ടാകും. SEC എന്ന ഇംഗ്ലീഷ് അക്ഷരങ്ങളും 9 അക്കങ്ങളും ചേർന്നതാണ് സവിശേഷ തിരിച്ചറിയൽ നമ്പർ.

തദ്ദേശസ്ഥാപന വോട്ടർപട്ടികയുമായി ബന്ധപ്പെട്ട എല്ലാ തുടർനപടികൾക്കും, അന്വേഷണങ്ങൾക്കും വോട്ടർമാർക്ക് ഈ സവിശേഷ തിരിച്ചറിയൽ നമ്പർ പ്രയോജന പ്പെടുത്താവുന്നതാണ്.

## തദ്ദേശസ്ഥാപന വോട്ടർപട്ടികയിൽ പേരുണ്ടോയെന്ന് പരിശോധിക്കാം

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ www.sec.kerala.gov.in വെബ് സൈറ്റിലെ വോട്ടർസെർച്ച് (Voter search) ഓപ്ഷനിൽ ക്ലിക്ക് ചെയ്താൽ തദ്ദേശസ്ഥാപന വോട്ടർപട്ടികയിൽ പേരുണ്ടോയെന്ന് പരിശോധിക്കാം. സംസ്ഥാനം, തദ്ദേശസ്ഥാപനം, വാർഡ് എന്നിങ്ങനെ മൂന്ന് തലങ്ങളിൽ തദ്ദേശസ്ഥാപന വോട്ടർപട്ടികയിൽ പേര് തിരയാൻ കഴിയും.

വോട്ടർപട്ടികയിലേയ്ക്ക് അപേക്ഷിക്കുമ്പോൾ നൽകിയിട്ടുള്ള പേര്, കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ വോട്ടർതിരിച്ചറിയൽ കാർഡ് നമ്പർ (EPIC) എന്നിവ നൽകി പേര് തിരയാം. EPIC കാർഡ് നമ്പർ രണ്ട് തരത്തിലുണ്ട്, പഴയതും പുതിയതും. തദ്ദേശസ്ഥാപന വോട്ടർപട്ടികയിൽ അപേക്ഷിക്കുമ്പോൾ ഇവയിലേതാണോ നൽകിയിട്ടുള്ളത്, അതു പയോഗിച്ച് തിരഞ്ഞാൽ മാത്രമേ പേര് കണ്ടെത്താൻ കഴിയുകയുള്ളൂ. ഇതു കൂടാതെ, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള പഴയ SEC Id നമ്പരോ, പുതിയ SEC നമ്പരോ ഉപയോഗിച്ചും പേരുണ്ടോയെന്ന് പരിശോധിക്കാം.

സംസ്ഥാനതലത്തിൽ വോട്ടർപട്ടികയിൽ പേരു തിരയാൻ വെബ് സൈറ്റിൽ പ്രവേശിച്ച് വോട്ടർ സർവ്വീസസ് (Voter service) ക്ളിക്ക് ചെയ്യണം. അപ്പോൾ സെർച്ച് വോട്ടർ സ്റ്റേറ്റ് വൈസ് (Search Voter Statewise), സെർച്ച് വോട്ടർ ലോക്കൽബോഡി വൈസ് (Search Voter Localbodywise), സെർച്ച് വോട്ടർ വാർഡ് വൈസ് (Search Voter Wardwise) എന്നീ മൂന്ന് ഓപ്ഷനുകൾ സ്ക്രീനിൽ തെളിയും. ഇതിൽ സംസ്ഥാന തലത്തിൽ പേര് തിരയാൻ ആദ്യത്തെ സ്റ്റേറ്റ് വൈസ് ഓപ്ഷൻ ക്ളിക്ക് ചെയ്യണം. അപ്പോൾ സെർച്ച് ബൈ EPIC / Old SEC id , സെർച്ച് ബൈ New SEC Id എന്നീ രണ്ട് ഓപ്ഷന ുകൾ മുകളിൽ ഇടതു വശത്തായി കാണാം. ഇതിൽ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ വോട്ടർ ഐഡി കാർഡ് നമ്പർ , സംസ്ഥാനതിരഞ്ഞെടുപ്പ് കമ്മീഷന്റെ പഴയ SEC Id നമ്പർ, SECയും 9 അക്കങ്ങളും ചേർന്ന പുതിയ സവിശേഷ നമ്പർ എന്നിവ ഉപയോഗിച്ച് പേര് തിരയാം.

ഇനി ലോക്കൽബോഡിവൈസ് ഓപ്ഷൻ ക്ളിക്ക് ചെയ്ത് തദ്ദേശസ്ഥാപനതലത്തിലും പേര് തിരയാവുന്നതാണ്. ഇവിടെ ജില്ലയുടെ പേരും തദ്ദേശസ്ഥാപനത്തിന്റെ പേരും നൽകിയിട്ട് വോട്ടറുടെ പേരോ, വോട്ടർ ഐഡി കാർഡ് നമ്പരോ (EPIC) , SECയുടെ പഴയതോ, പുതിയതോ ആയ നമ്പരോ എന്റർ ചെയ്ത് പേര് പരിശോധിക്കാം. അതു പോലെ സെർച്ച് വാർഡ് വൈസ് ക്ളിക്ക് ചെയ്തും വാർഡ് തലത്തിൽ വോട്ടറുടെ പേര് തിരയാവുന്നതാണ്. അപേക്ഷിക്കുമ്പോൾ നൽകിയിട്ടുള്ള പേരും, വോട്ടർ ഐഡി കാർഡ് നമ്പരും കൃത്യമായി നൽകിയാൽ മാത്രമേ പരിശോധനയിൽ പേര് കണ്ടെത്താൻ കഴിയുകയുള്ളൂ.

## വോട്ടർപട്ടിക പുതുക്കൽ-സമ്മറി റിവിഷൻ

2020 ലെ തദ്ദേശ പൊതുതിരഞ്ഞെടുപ്പിനു ശേഷം 2023 ലും 2024 ലും സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്ഥാപനങ്ങളിലും വോട്ടർപട്ടികയുടെ സംക്ഷിപ്ത പുതുക്കൽ (Summary Revision) നടന്നിരുന്നു. കൂടാതെ, ഉപതിരഞ്ഞെടുപ്പ് നടന്ന വാർഡുകളിൽ അതിനായും പട്ടിക പുതുക്കിയിരുന്നു.

## സമ്മറി റിവിഷൻ -സെപ്റ്റംബർ 2, 2025

| | കരട് പട്ടിക | പേര് ഉൾപ്പെട്ടുത്തിയത് | ഒഴിവാക്കിയത് | അന്തിമ പട്ടിക |
|---|---|---|---|---|
| പുരുഷൻ | 12632186 | 1369490 | 648729 | 13352947 |
| സ്ത്രീ | 14045837 | 1649381 | 735983 | 14959235 |
| ട്രാൻസ്ജെൻഡർ | 233 | 55 | 12 | 276 |
| ആകെ | 26678256 | 3018926 | 1384724 | 28312458 |

## സമ്മറി റിവിഷൻ - 01-07- 2024

| | കരട് പട്ടിക | പേര് ഉൾപ്പെടുത്തിയത് | ഒഴിവാക്കിയത് | അന്തിമ പട്ടിക |
|---|---|---|---|---|
| പുരുഷൻ | 12728880 | 123691 | 222856 | 12629715 |
| സ്ത്രീ | 14127905 | 45211 | 230090 | 14043026 |
| ട്രാൻസ്ജെൻഡർ | 238 | 5 | 5 | 238 |
| ആകെ | 26857023 | 271065 | 452951 | 26675157 |

## സമ്മറി റിവിഷൻ - 16-10-2023

| | കരട് പട്ടിക | പേര് ഉൾപ്പെടുത്തിയത് | ഒഴിവാക്കിയത് | അന്തിമ പട്ടിക |
|---|---|---|---|---|
| പുരുഷൻ | 13178517 | 27374 | 479532 | 12726359 |
| സ്ത്രീ | 14491779 | 30266 | 397345 | 14124700 |
| ട്രാൻസ്ജെൻഡർ | 240 | 0 | 2 | 238 |
| ആകെ | 27670536 | 57640 | 876879 | 26851297 |

## അന്തിമപട്ടിക ഒക്ടോബർ,2025

| വോട്ടർപട്ടിക 2025 | | | | | | |
|---|---|---|---|---|---|---|
| നമ്പർ | ജില്ല | പുരുഷൻ | സ്ത്രീ | ട്രാൻസ് ജെൻഡർ | ആകെ | പ്രവാസി |
| 1 | തിരുവനന്തപുരം | 1349510 | 1554551 | 31 | 2904092 | 41 |
| 2 | കൊല്ലം | 1043920 | 1210905 | 23 | 2254848 | 48 |
| 3 | പത്തനംതിട്ട | 486945 | 567805 | 2 | 1054752 | 51 |
| 4 | ആലപ്പുഴ | 835428 | 954110 | 11 | 1789549 | 52 |
| 5 | കോട്ടയം | 779269 | 849815 | 12 | 1629096 | 53 |
| 6 | ഇടുക്കി | 441167 | 465925 | 10 | 907102 | 7 |
| 7 | എറണാകുളം | 1269763 | 1377271 | 32 | 2647066 | 87 |
| 8 | തൃശൂർ | 1278240 | 1458596 | 26 | 2736862 | 205 |
| 9 | പാലക്കാട് | 1142127 | 1269765 | 22 | 2411914 | 49 |
| 10 | മലപ്പുറം | 1722100 | 1852653 | 49 | 3574802 | 447 |
| 11 | കോഴിക്കോട് | 1257846 | 1405939 | 32 | 2663817 | 1231 |
| 12 | വയനാട് | 309798 | 330377 | 8 | 640183 | 11 |
| 13 | കണ്ണൂർ | 976536 | 1138121 | 11 | 2114668 | 485 |
| 14 | കാസർഗോഡ് | 519821 | 582177 | 12 | 1102010 | 74 |
| | **ആകെ** | **13412470** | **15018010** | **281** | **28430761** | **2841** |

## വോട്ടർമാർ തദ്ദേശ സ്ഥാപനതലത്തിൽ

| തദ്ദേശ സ്ഥാപനം | പുരുഷൻ | സ്ത്രീ | ട്രാൻസ് ജെൻഡർ | ആകെ | പ്രവാസി വോട്ടർ മാർ |
|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 10460988 | 11704448 | 196 | 22165632 | 2472 |
| മുനിസി പ്പാലിറ്റി | 1769001 | 1994018 | 54 | 3763073 | 331 |
| കോർപ്പറേഷൻ | 1182481 | 1319544 | 31 | 2502056 | 38 |
| ആകെ | 13412470 | 15018010 | 281 | 28430761 | 2841 |

## വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നത് സംബന്ധിച്ച നിബന്ധനങ്ങൾ

. ഒരാൾ ഭാരത പൗരൻ ആയിരിക്കണം(ഒരാളുടെ പൗരത്വത്തെ സംബന്ധിച്ച് ഏതെങ്കിലും പ്രശ്നം ഉദിക്കുന്ന പക്ഷം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് റഫർ ചെയ്യാം)

. യോഗ്യത  കണക്കാക്കുന്ന തീയതിയിൽ 18 വയസ്സ് പൂർത്തിയായിരിക്കണം (പട്ടിക പുതുക്കുന്ന വർഷത്തിലെ ജനുവരി ഒന്നാം തീയതിയാണ് യോഗ്യത തീയതി)

. ബന്ധപ്പെട്ട നിയോജകമണ്ഡലത്തിലെ/വാർഡിലെ സാധാരണ താമസക്കാരൻ ആയിരിക്കണം

. ഒരാൾ തിരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം വോട്ട് രേഖപ്പെടുത്തുന്നതിൽ നിന്നും തൽസമയം അയോഗ്യനാക്കപ്പെട്ട ആളായിരിക്കരുത് .

. ഒരാൾ സ്ഥിരബുദ്ധിയില്ലാത്ത ആളായിരിക്കുകയും അങ്ങനെയാണെന്ന് ക്ഷമതയുള്ള കോടതി പ്രഖ്യാപിക്കുകയും ചെയ്തിട്ടുള്ള വ്യക്തി ആയിരിക്കരുത്.

## ഓൺലൈനായി പേര് ചേർക്കുന്നതിനും ഒഴിവാക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ

. കമ്മീഷന്റെ വെബ്സൈറ്റ് (https://.sec.kerala.gov.in) സന്ദർശിച്ച് Sign In പേജിലെ Citizen Registration വഴി പേരും മൊബൈൽ നമ്പരും പാസ്സ്‌വേർഡും നൽകി profile create ചെയ്യണം.

. OTP authentication നടന്ന mobile നമ്പർ ആയിരിക്കും ലോഗിൻ ചെയ്യുവാനുള്ള username.

. Username & password നൽകി ലോഗിൻ ചെയ്യുക. തുടർന്ന് അനുയോജ്യമായ ഫാറം തിരഞ്ഞെടുത്ത് അപേക്ഷ സമർപ്പിക്കുക.

. പേര് ചേർക്കുന്നതിന് Name inclusion (ഫാറം 4)  ബട്ടണും ഉൾക്കുറിപ്പ് തിരുത്തലിന് Correction (ഫാറം 6) ബട്ടണും സ്ഥാനമാറ്റത്തിന് Transposition (ഫാറം7) ബട്ടണും സെലക്റ്റ് ചെയ്ത് വിവരങ്ങൾ നൽകണം.

- പേര് ഒഴിവാക്കുന്നതിനുള്ള ആക്ഷേപം (ഫാറം 5) ഓൺലൈനിൽ സമർപ്പിച്ച് പ്രിന്റൗട്ടിൽ ഒപ്പിട്ട് നേരിട്ടോ തപാലിലൂടെയോ നൽകണം. ഓൺലൈനിൽ സമർപ്പിക്കാതെ നേരിട്ടോ തപാലിലൂടെയോ മാത്രവും നൽകാം.

**പ്രവാസി ഭാരതീയർക്കുള്ള വോട്ടർ പട്ടിക** Pravasi Voter

- വിദേശത്തു താമസിക്കുന്ന വിദേശ പൗരത്വം സ്വീകരിക്കാത്ത ഏതൊരു ഭാരത പൗരനും അയാളുടെ പാസ്സ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്ന താമസസ്ഥലം സ്ഥിതി ചെയ്യുന്ന നിയോജകമണ്ഡലത്തിലെ / വാർഡിലെ വോട്ടർ പട്ടികയിൽ പേരുചേർക്കാം.
- പ്രവാസി വോട്ടറായി അപേക്ഷ സമർപ്പിക്കുന്നതിന് വെബ് സൈറ്റിൽ Pravasi Voter (ഫാറം 4 A) എന്ന button സെലക്റ്റ് ചെയ്യുക
- വോട്ടറുടെ വിശദവിവരങ്ങൾ Form 4A യിൽ നൽകി അപേക്ഷ submit ചെയ്യുക
- ഫോട്ടോ upload ചെയ്യുക
- ശേഷം Form 4A ഡൌൺലോഡ് ചെയ്ത് പ്രിന്റ് എടുക്കുക.
- അപേക്ഷയുടെ പകർപ്പിൽ ഒപ്പിട്ട് പാസ്പോർട്ടിന്റെ പ്രസക്തഭാഗങ്ങളുടെ പകർപ്പു സഹിതം നേരിട്ടോ തപാൽ വഴിയോ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്കു ലഭ്യമാക്കുക.

## അപേക്ഷകളിന്മേലുള്ള തീർപ്പ്

ഓരോ അപേക്ഷയിന്മേലും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ എടുത്ത നടപടികളെ സംബന്ധിച്ച വിവരം വെബ്സൈറ്റിലെ Status Option വഴിയും Application status page വഴിയും അറിയാവുന്നതാണ്.

**വോട്ടർപട്ടിക – അപ്പീൽ അധികാരി**

(എ) ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്

- വോട്ടർപട്ടിക പുതുക്കലുമായി ബന്ധപ്പെട്ട അപ്പീൽ അധികാരി തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടറാണ്.
- അപ്പീൽ മെമ്മോറാണ്ടം രൂപത്തിലും അപ്പീൽ വാദി ഒപ്പിട്ടതും രണ്ട് രൂപ ഫീസ് ഒടുക്കിയതുമായിരിക്കണം.
- ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറുടെ തീരുമാന തീയതി മുതൽ 15 ദിവസത്തിനകം വേണം അപ്പീൽ നൽകേണ്ടത്.
- അപ്പീൽ അധികാരി എടുക്കുന്ന തീരുമാനം ഉടൻതന്നെ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറെയും അപ്പീൽവാദിയെയും അറിയിക്കണം.

(ബി) ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ (ജില്ലാ കളക്ടർ)

- വോട്ടർപട്ടിക പുതുക്കുന്നതിന് പ്രത്യേക സമയ വിവര പട്ടിക നിലവിലില്ലാത്ത സംഗതിയിൽ KPR Act 23, 24 വകുപ്പുകൾ, KM Act 79, 80 വകുപ്പുകൾ പ്രകാരമുള്ള അപ്പീൽ അധികാരി ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനാണ്.
- അപ്പീൽ മെമ്മോറാണ്ടം രൂപത്തിലും അപ്പീൽ വാദി ഒപ്പിട്ടതും പത്ത് രൂപ ഫീസ് ഒടുക്കിയതുമായിരിക്കണം.
- ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറുടെ തീരുമാന തീയതി മുതൽ 15 ദിവസത്തിനകം വേണം അപ്പീൽ നൽകേണ്ടത്.
- അപ്പീൽ അധികാരി എടുക്കുന്ന തീരുമാനം ഉടൻതന്നെ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറെയും അപ്പീൽവാദിയെയും അറിയിക്കണം.

# അദ്ധ്യായം 6

## പോളിംഗ് സ്റ്റേഷനുകൾ

സമ്മതിദായകരുടെ സൗകര്യാർത്ഥം ഓരോ വാർഡിലും ഒന്നോ അതിലധികമോ പോളിംഗ് സ്റ്റേഷനുകൾ സജ്ജമാക്കും. ഓരോ വാർഡിലും ഗ്രാമപഞ്ചായത്തിൽ പരമാവധി 1200 വരെയും മുനിസിപ്പാലിറ്റിയിൽ/കോർപ്പറേഷനിൽ 1500 വരെയും സമ്മതിദായകരെ ഉൾപ്പെടുത്തിയാണ് ഒരു പോളിംഗ് സ്റ്റേഷൻ നിശ്ചയിക്കുന്നത്.

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ ഒരേ സമയം തിരഞ്ഞെടുപ്പ് നടക്കുന്നതിനാൽ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കായി പ്രത്യേക പോളിംഗ് സ്റ്റേഷൻ ആവശ്യമില്ല.

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ മുൻകൂർ അനുമതിയോടെ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനാണ് പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും ആവശ്യമായ പോളിംഗ് സ്റ്റേഷനുകൾ സജ്ജീകരിക്കുന്നത്.

കഴിയുന്നിടത്തോളം സർക്കാർ/എയ്ഡഡ് സ്കൂളുകളിലോ മറ്റ് സർക്കാർ സ്ഥാപനങ്ങളിലോ ആണ് പോളിംഗ് സ്റ്റേഷൻ സജ്ജീകരിക്കുക.
ഒഴിച്ചു കൂടാനാകാത്ത സാഹചര്യത്തിൽ മാത്രമേ പോളിംഗ് സ്റ്റേഷൻ സ്വകാര്യ കെട്ടിടങ്ങളിൽ സ്ഥാപിക്കുകയുള്ളൂ. നഗരമേഖലയിൽ 5620 ഉം ഗ്രാമീണമേഖലയിൽ 28137 ഉം പോളിംഗ് സ്റ്റേഷനുകൾ നിലവിലുണ്ട്.

### പോളിംഗ് സ്റ്റേഷൻ എണ്ണം പട്ടിക

| ജില്ല | അർബൻ | | | റൂറൽ (പഞ്ചായത്തുകൾ) | റൂറൽ & അർബൻ |
|---|---|---|---|---|---|
| | കോർപ്പറേഷൻ | മുനിസിപ്പാലിറ്റി | ആകെ | | |
| തിരുവനന്തപുരം | 655 | 165 | 820 | 2445 | 3265 |
| കൊല്ലം | 239 | 135 | 374 | 2348 | 2722 |
| പത്തനംതിട്ട | | 137 | 137 | 1088 | 1225 |
| ആലപ്പുഴ | | 283 | 283 | 1804 | 2087 |
| ഇടുക്കി | | 73 | 73 | 1119 | 1192 |
| കോട്ടയം | | 254 | 254 | 1671 | 1925 |
| എറണാകുളം | 354 | 489 | 843 | 2182 | 3025 |
| തൃശ്ശൂർ | 216 | 317 | 533 | 2750 | 3283 |
| പാലക്കാട് | | 305 | 305 | 2749 | 3054 |
| മലപ്പുറം | | 566 | 566 | 3777 | 4343 |
| കോഴിക്കോട് | | 290 | 290 | 2411 | 2701 |
| വയനാട് | 397 | 104 | 501 | 724 | 1225 |
| കണ്ണൂർ | 155 | 358 | 513 | 1827 | 2340 |
| കാസർഗോഡ് | | 128 | 128 | 1242 | 1370 |
| ആകെ | 2016 | 3604 | 5620 | 28137 | 33757 |

## അധ്യായം 7

## തിരഞ്ഞെടുപ്പ് ചിഹ്നം

തദ്ദേശസ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് രാഷ്ട്രീയ പാർട്ടികൾക്കുള്ള ചിഹ്നങ്ങളും മറ്റ് സ്വതന്ത്ര ചിഹ്നങ്ങളും സംബന്ധിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

ചിഹ്നങ്ങൾ 4 പട്ടികകളായി തിരിച്ചാണ് അനുവദിച്ചിട്ടുള്ളത്. ഒന്നാം പട്ടികയിൽ, കേന്ദ്ര ഇലക്ഷൻ കമ്മീഷൻ ദേശീയ പാർട്ടികളായി പ്രഖ്യാപിച്ചിട്ടുള്ള രാഷ്ട്രീയ പാർട്ടികൾ, രണ്ടാം പട്ടികയിൽ, കേന്ദ്ര ഇലക്ഷൻ കമ്മീഷൻ അംഗീകരിച്ചിട്ടുള്ള കേരള സംസ്ഥാന രാഷ്ട്രീയ പാർട്ടികൾ, മൂന്നാം പട്ടികയിൽ, കേന്ദ്ര ഇലക്ഷൻ കമ്മീഷൻ അംഗീകരിച്ചിട്ടുള്ള മറ്റ് സംസ്ഥാനങ്ങളിലെ അംഗീകൃത സംസ്ഥാന പാർട്ടികളും കേരള അസംബ്ലിയിലൊ സംസ്ഥാനത്തെ ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനത്തിലൊ അംഗങ്ങളുള്ളതും കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ രാഷ്ട്രീയ പാർട്ടികൾ. ഈ പാർട്ടികൾക്ക് അനുവദിച്ചിട്ടുള്ള ചിഹ്നങ്ങൾ ആ പാർട്ടികളുടെ സ്ഥാനാർത്ഥികൾക്ക് മാത്രമെ അനുവദിക്കൂ.

പട്ടിക 4 ൽ സ്വതന്ത്ര ചിഹ്നങ്ങളാണുള്ളത്. 1, 2, 3 പട്ടികകളിൽ ഉൾപ്പെടാത്തതും കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ രാഷ്ട്രീയ പാർട്ടികൾക്ക് അവർ ആവശ്യപ്പെട്ട പ്രകാരമുള്ള സ്വതന്ത്ര ചിഹ്നങ്ങൾ മുൻഗണനാ അടിസ്ഥാനത്തിൽ അനുവദിക്കും. മറ്റ് ചിഹ്നങ്ങൾ സ്വതന്ത്ര സ്ഥാനാർത്ഥികൾക്ക് നൽകും.

# അധ്യായം 8

## തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ

ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ - ജില്ലകളിലെ തിരഞ്ഞെടുപ്പ് പ്രവൃത്തികളുടെ ഏകോപനത്തിനും മേൽനോട്ടത്തിനുമായി ജില്ലാ കളക്ടറെ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനായി നിയോഗിച്ചിട്ടുണ്ട്.

അസിസ്റ്റന്റ് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ - ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരെ സഹായിക്കുന്നതിന് ഗ്രാമപ്രദേശങ്ങളിൽ തദ്ദേശസ്വയംഭരണവകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടറെയും നഗരപ്രദേശങ്ങളിൽ ഇലക്ഷൻ ഡപ്യൂട്ടി കളക്ടറെയും അസിസ്റ്റന്റ് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരായി നിയോഗിച്ചിട്ടുണ്ട്.

ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ - ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കാണ് വോട്ടർ പട്ടിക തയ്യാറാക്കുന്നതിന്റെയും പുതുക്കുന്നതിന്റെയും ചുമതല . ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി എന്നിവടങ്ങളിൽ സെക്രട്ടറിയും, കോർപ്പറേഷനിൽ അഡീഷണൽ സെക്രട്ടറിയുമാണ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ.

അസിസ്റ്റന്റ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ - തദ്ദേശസ്ഥാപനങ്ങളിലെ വിവിധ ഉദ്യോഗസ്ഥരെ അസിസ്റ്റന്റ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരായും നിയോഗിച്ചിട്ടുണ്ട്.

വരണാധികാരി (ആർ.ഒ) - തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പിനും, അധ്യക്ഷൻ, ഉപാധ്യക്ഷൻ , സ്റ്റാന്റിംഗ് കമ്മിറ്റി അംഗം, ചെയർമാൻ, ജില്ലാ ആസൂത്രണ കമ്മിറ്റി തിരഞ്ഞെടുപ്പുകൾക്കും വിവിധ സർക്കാർ ഉദ്യോഗസ്ഥരെ വരണാധികാരികളായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിയോഗിച്ചിട്ടുണ്ട്.

### പോളിംഗ് ഉദ്യോഗസ്ഥർ

തിരഞ്ഞെടുപ്പിലെ പോളിംഗ് ഡ്യൂട്ടിക്കായി ഓരോ പോളിംഗ് സ്റ്റേഷനിലും ഒരു പ്രിസൈഡിംഗ് ഓഫീസറെയും മൂന്ന് പോളിംഗ് ഓഫീസർമാരെയും ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ നിയമിക്കും. വോട്ടെടുപ്പ് സുഗമമായും സുതാര്യമായും നിഷ്പക്ഷമായും നടക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടത് പ്രിസൈഡിംഗ് ഓഫീസറുടെ ചുമതലയാണ്.

### സെക്ടറൽ ഓഫീസർ

ഓരോ പഞ്ചായത്ത്/മുനിസിപ്പാലിറ്റി പ്രദേശത്തെയും വിവിധ സെക്ടറുകളായി തിരിക്കുകയും ഓരോ സെക്ടറിലും ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ ഒരു സെക്ടറൽ ഓഫീസറെ നിയമിക്കുകയും ചെയ്യും.

ഓരോ സെക്ടറിലും ഉൾപ്പെടുന്ന പോളിംഗ് സ്റ്റേഷനുകൾ സന്ദർശിച്ച് സുഗമമായ പോളിംഗ് ഉറപ്പാക്കുന്നതിനും പോളിംഗ് സ്റ്റേഷനുകളിൽ വേണ്ട സൗകര്യങ്ങൾ ലഭ്യമാണെന്ന് ഉറപ്പാക്കുന്നതിനുമാണ് സെക്ടറൽ ഓഫീസറെ നിയമിക്കുന്നത്. പോളിംഗ് വേളയിൽ പോളിംഗ് സ്റ്റേഷനുകളിൽ ഉണ്ടാകുന്ന അടിയന്തിര പോളിംഗ് ആവശ്യങ്ങൾക്ക് സഹായം നൽകുന്നതും സെക്ടറൽ ഓഫീസർ അടങ്ങുന്ന സെക്ടറൽ ടീമായിരിക്കും.

## ഇലക്ഷൻ ഒബ്സർവർമാർ

തിരഞ്ഞെടുപ്പ് സ്വതന്ത്രവും നിഷ്പക്ഷവുമായി നടത്തുന്നുവെന്നുറപ്പ് വരുത്താൻ അഖിലേന്ത്യാസർവ്വീസിലുള്ള ഉദ്യോഗസ്ഥരെ ഓരോ ജില്ലയിലും ജനറൽ ഒബ്സർവറായി നിയമിക്കും. സ്ഥാനാർത്ഥികളുടെ ചെലവുകളും മറ്റും നിരീക്ഷിക്കുന്നതിനായി ഓരോ ജില്ലയിലും ഒന്നിലധികം ചെലവ് നിരീക്ഷകരെയും തിരഞ്ഞെടുപ്പ് കമ്മീഷൻ ചുമതലപ്പെടുത്തും.

| തദ്ദേശ സ്ഥാപന തിരഞ്ഞെടുപ്പ് - വരണാധികാരിയും ഉപവരണാധികാരിയും | | |
|---|---|---|
| **തദ്ദേശസ്ഥാപനം** | **വരണാധികാരി** | **ഉപവരണാധികാരി** |
| ഗ്രാമ പഞ്ചായത്ത് | സ്ഥാനനിർദ്ദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻ | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| ബ്ലോക്ക് പഞ്ചായത്ത് | സ്ഥാന നിർദ്ദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, ഗ്രാമപഞ്ചായത്ത് വരണാധികാരി |
| ജില്ലാ പഞ്ചായത്ത് | ജില്ലാ കളക്ടർ | എഡിഎം, ജില്ലാപഞ്ചായത്ത് സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് ആർ.ഒ, ഗ്രാമപഞ്ചായത്ത് ആർ.ഒ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| മുനിസിപ്പാലിറ്റി | സ്ഥാന നിർദ്ദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻ | സ്ഥാനനിർദ്ദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻ |
| കോർപ്പറേഷൻ | സ്ഥാന നിർദ്ദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻ | സ്ഥാനനിർദ്ദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻ |

## അധ്യായം 9

## തിരഞ്ഞെടുപ്പ് പ്രക്രിയ

### തിരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രഖ്യാപനം

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്കുള്ള പൊതുതിരഞ്ഞെടുപ്പിനുള്ള സമയക്രമം സംസ്ഥാനതിരഞ്ഞെടുപ്പ് കമ്മീഷൻ പ്രഖ്യാപിക്കുന്നതോടെ പൊതു തിരഞ്ഞെടുപ്പിന്റെ നടപടിക്രമം ആരംഭിക്കുകയായി. അപ്പോൾ മുതൽ തന്നെ മാതൃകാ പെരുമാറ്റചട്ടവും നിലവിൽ വരും.

**സർക്കാർ വിജ്ഞാപനം**

സംസ്ഥാനതിരഞ്ഞെടുപ്പ് കമ്മീഷൻ ശിപാർശ ചെയ്യുന്ന തീയതികളിൽ പൊതു തിരഞ്ഞെടുപ്പ് നടത്താൻ സംസ്ഥാനസർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

**തിരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം**

സർക്കാർ വിജ്ഞാപനത്തെ തുടർന്ന് നാമനിർദ്ദേശപത്രിക സമർപ്പണം, പത്രിക സൂക്ഷ്മ പരിശോധന,സ്ഥാനാർത്ഥിത്വം പിൻവലിക്കൽ, വോട്ടെടുപ്പ് തുടങ്ങിയവയ്ക്കുള്ള തീയതി, തിരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാകുന്ന അവസാന തീയതി എന്നിവ ഉൾപ്പെടുത്തി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിക്കും.

**തിരഞ്ഞെടുപ്പ് നോട്ടീസ്**

സംസ്ഥാനതിരഞ്ഞെടുപ്പ് കമ്മീഷന്റെ വിജ്ഞാപനം പുറപ്പെടുവിക്കുന്ന തീയതിയിൽ തന്നെ അതത് നിയോജകമണ്ഡലങ്ങളിലെ റിട്ടേണിംഗ് ഓഫീസർമാർ തെരഞ്ഞെടുപ്പ് നോട്ടീസ് പ്രസിദ്ധീകരിക്കും. ഓരോ നിയോജകമണ്ഡലത്തിലേക്കും (വാർഡിലേക്കും) പ്രത്യേക നോട്ടീസാണ് പരസ്യപ്പെടുത്തുക.

റിട്ടേണിംഗ് ഓഫീസറുടെ കാര്യാലയം, ബന്ധപ്പെട്ട തദ്ദേശസ്ഥാപനത്തിന്റെ ഓഫീസ് എന്നിവിടങ്ങളിലെ നോട്ടീസ് ബോർഡ്, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിക്കുന്ന മറ്റ് സ്ഥലങ്ങൾ  എന്നിവടങ്ങളിലാണ് നോട്ടീസ് പ്രസിദ്ധീകരിക്കുക.

സ്ഥാനാർത്ഥികളിൽ നിന്നും നാമനിർദ്ദേശപത്രിക ക്ഷണിച്ചുകൊണ്ട് പ്രസിദ്ധീകരിക്കുന്ന നോട്ടീസിൽ നാമനിർദ്ദേശപത്രിക സ്വീകരിക്കുന്ന സ്ഥലങ്ങൾ വ്യക്തമാക്കിയിരിക്കും.

**നാമനിർദ്ദേശപത്രിക**

തിരഞ്ഞെടുപ്പ് വിജ്ഞാപനത്തിലുള്ള സമയക്രമമനുസരിച്ച് നിശ്ചിത തീയതികളിൽ രാവിലെ 11 നും വൈകുന്നേരം മൂന്നിനുമിടയിൽ  നാമനിർദ്ദേശപത്രിക സമർപ്പിക്കാം. സ്ഥാനാർത്ഥിക്ക് നേരിട്ടോ, സ്ഥാനാർത്ഥിയുടെ പേര് നിർദ്ദേശിക്കുന്ന ആ നിയോജകമണ്ഡലത്തിലെ വോട്ടർക്കോ നാമനിർദ്ദേശപത്രിക സമർപ്പിക്കാം.

റിട്ടേണിംഗ് ഓഫീസർ മുമ്പാകെയോ റിട്ടേണിംഗ് ഓഫീസർ തിരഞ്ഞെടുപ്പ് നോട്ടീസിൽ പറഞ്ഞിരിക്കുന്ന അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസർ മുൻപാകെയോ വേണം നാമനിർദ്ദേശപത്രിക സമർപ്പിക്കാൻ.

ഒരു സ്ഥാനാർത്ഥിക്ക് വേണ്ടി മൂന്ന് പത്രികകൾ വരെ സമർപ്പിക്കാം.

ഒരു പഞ്ചായത്ത്/മുനിസിപ്പാലിറ്റിയിലെ ഒരു വാർഡിൽ പത്രിക സമർപ്പിക്കുന്ന സ്ഥാനാർത്ഥിക്ക് അതേ പഞ്ചായത്ത്/മുനിസിപ്പാലിറ്റിയിലെ മറ്റൊരു വാർഡിൽ പത്രിക സമർപ്പിക്കാൻ സാധ്യമല്ല. അതേ സമയം ത്രിതലപഞ്ചായത്തുകളിലെ ഒന്നിലധികം തലങ്ങളിലെ വാർഡുകളിലേക്ക്/നിയോജകമണ്ഡലങ്ങളിലേക്ക് പത്രിക നൽകാം. അതായത് ഒരു വ്യക്തിക്ക് ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിലേക്ക് ഒരേ സമയം മത്സരിക്കാം.

സ്ഥാനാർത്ഥിയുടെ വിദ്യാഭ്യാസ യോഗ്യത, പത്രിക സമർപ്പണവേളയിൽ സ്ഥാനാർത്ഥി ഉൾപ്പെട്ടിട്ടുള്ള ക്രിമിനൽ കേസുകൾ, സ്ഥാനാർത്ഥി/കുടുംബാംഗങ്ങളുടെ സ്വത്തുവിവരം, സർക്കാരിനോ, ഏതെങ്കിലും തദ്ദേശസ്ഥാപനത്തിനോ നൽകാനുള്ള കുടിശ്ശിക, കൂറുമാറ്റം മൂലം അയോഗ്യതയുണ്ടായിട്ടുണ്ടെങ്കിൽ അവ സംബന്ധിച്ച വിവരങ്ങൾ എന്നിവ നാമനിർദ്ദേശ പത്രികയോടൊപ്പം 2A ഫാറത്തിൽ സമർപ്പിക്കണം.

പട്ടികജാതി, പട്ടികവർഗ്ഗം എന്നീ വിഭാഗങ്ങൾക്കായി സംവരണം ചെയ്ത മണ്ഡലമാണെങ്കിൽ അധികാരിതയുള്ള ഓഫീസറിൽ നിന്നും ലഭിക്കുന്ന ജാതി സർട്ടിഫിക്കറ്റ് കൂടി പത്രികയോടൊപ്പം സമർപ്പിക്കണം.

റിട്ടേണിംഗ് ഓഫീസറുടെയോ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെയോ മുൻപിൽ ഉറക്കെ ചൊല്ലിയെടുത്ത സത്യപ്രതിജ്ഞ / ദൃഢപ്രതിജ്ഞയുടെ ഒപ്പിട്ട പകർപ്പും പത്രികയോടൊപ്പം സമർപ്പിക്കണം.

**സ്ഥാനാർത്ഥി പ്രതിജ്ഞ എടുക്കേണ്ടത് ചുവടെ പറയുന്ന ഏതെങ്കിലും ഉദ്യോഗസ്ഥരുടെ മുൻപാകെ**

1. റിട്ടേണിംഗ് ഓഫീസർ
2. സംസ്ഥാനസർവ്വീസിലെ ഗസറ്റഡ് ഓഫീസർ
3. ജയിൽ സൂപ്രണ്ട്
4. മെഡിക്കൽ സൂപ്രണ്ട്
5. വിദേശരാജ്യത്തെ ഇന്ത്യയുടെ നയതന്ത്ര/കോൺസുലാർ പ്രതിനിധി

**സ്ഥാനാർത്ഥി കെട്ടിവയ്ക്കേണ്ട തുക**

നാമനിർദ്ദേശപത്രികയോടൊപ്പം സ്ഥാനാർത്ഥി കെട്ടി വയ്ക്കേണ്ട തുകയുടെ വിവരം ചുവടെ

| | | |
|---|---|---|
| ഗ്രാമപഞ്ചായത്ത് | : | 2000 |
| ബ്ലോക്ക് പഞ്ചായത്ത് | : | 4000 |
| ജില്ലാ പഞ്ചായത്ത് | : | 5000 |
| മുനിസിപ്പാലിറ്റി | : | 4000 |
| കോർപ്പറേഷൻ | : | 5000 |

പട്ടികജാതി, പട്ടികവർഗ്ഗം വിഭാഗങ്ങളിൽപ്പെട്ടവർ ഇതിന്റെ 50 ശതമാനം തുക കെട്ടിവച്ചാൽ മതിയാകും.

## സൂക്ഷ്മപരിശോധന

നാമനിർദ്ദേശപത്രികയുടെ സൂക്ഷ്മപരിശോധനയ്ക്കായി നിർദ്ദേശിച്ചിട്ടുള്ള ദിവസം റിട്ടേണിംഗ് ഓഫീസർ, സമർപ്പിക്കപ്പെട്ടിട്ടുള്ള എല്ലാ നാമനിർദ്ദേശപത്രികകളും പരിശോധിക്കും.

സൂക്ഷ്മപരിശോധനവേളയിൽ സ്ഥാനാർത്ഥി, സ്ഥാനാർത്ഥിയുടെ ഇലക്ഷൻ ഏജന്റ്, സ്ഥാനാർത്ഥിയുടെ നിർദ്ദേശകൻ, സ്ഥാനാർത്ഥി രേഖാ മൂലം ചുമതലപ്പെടുത്തിയ ഒരു വ്യക്തി എന്നിവർക്ക് ഹാജരാകാം. നിയമാനുസൃതം സമർപ്പിക്കപ്പെട്ട നാമനിർദേശ പത്രികകൾ വരണാധികാരി സ്വീകരിക്കുകയും മറ്റുള്ളവ തിരസ്കരിക്കുകയും ചെയ്യും.

സൂക്ഷ്മപരിശോധനയ്ക്ക് ശേഷം സ്വീകരിക്കപ്പെട്ട പത്രികകൾ സമർപ്പിച്ച സ്ഥാനാർത്ഥികളുടെ പട്ടിക റിട്ടേണിംഗ് ഓഫീസർ തയ്യാറാക്കി പ്രസിദ്ധീകരിക്കും

## സ്ഥാനാർത്ഥിത്വം പിൻവലിക്കൽ

തിരഞ്ഞെടുപ്പ് വിജ്ഞാപനം പ്രകാരം നിശ്ചയിച്ചിട്ടുള്ള ദിവസം വൈകുന്നേരം മൂന്ന് മണി വരെ സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള നോട്ടീസ് വരണാധികാരിക്ക് നൽകാവുന്നതാണ്. സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള അവസാന സമയത്തിന് ശേഷം റിട്ടേണിംഗ് ഓഫീസർ, മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ അന്തിമപട്ടിക പ്രസിദ്ധീകരിക്കും.

മലയാളം അക്ഷരമാലാ ക്രമത്തിലാണ് സ്ഥാനാർത്ഥികളുടെ പേര് പട്ടികയിൽ ഉൾപ്പെടുത്തുക. സ്ഥാനാർത്ഥിയുടെ പേര്, വിലാസം, അനുവദിച്ച ചിഹ്നം എന്നിവയാണ് ഈ പട്ടികയിലുണ്ടാവുക.

റിട്ടേണിംഗ്ഓഫീസറുടെ ഓഫീസിലും ബന്ധപ്പെട്ട പഞ്ചായത്ത്/മുനിസിപ്പാലിറ്റി ഓഫീസിലും മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ പട്ടിക പരസ്യപ്പെടുത്തും.

## തിരഞ്ഞെടുപ്പ് ഏജന്റ്

ഒരു സ്ഥാനാർത്ഥിക്ക് മറ്റൊരാളെ തന്റെ തിരഞ്ഞെടുപ്പ് ഏജന്റായി നിയമിക്കുന്നതിന് വരണാധികാരിക്ക് നോട്ടീസ് നൽകേണ്ടതും വരണാധികാരി അത് അംഗീകരിച്ച് നൽകുന്നതുമാണ്. അംഗം/കൗൺസിലർ സ്ഥാനത്തേക്ക് മത്സരിക്കുന്നതിന് അയോഗ്യതയുള്ള ഒരാൾക്ക് തിരഞ്ഞെടുപ്പ് ഏജന്റ് ആകുന്നതിനും അയോഗ്യതയുണ്ട്.

## അധ്യായം 10

## സ്ഥാനാർത്ഥിയുടെ യോഗ്യതകളും അയോഗ്യതകളും

തദ്ദേശസ്ഥാപനത്തിൽ മത്സരിക്കുന്ന ഒരാൾക്ക് ആ സ്ഥാപനത്തിലെ ഏതെങ്കിലും വാർഡിലെ വോട്ടർപട്ടികയിൽ പേരുണ്ടായിരിക്കുകയും നാമനിർദ്ദേശപത്രിക സമർപ്പിക്കുന്ന തീയതിയിൽ 21 വയസ്സ് പൂർത്തിയായിരിക്കുകയും വേണം. ഒരു വാർഡിലെ സ്ഥാനാർത്ഥിയെ നാമനിർദ്ദേശം ചെയ്യുന്നയാൾ അതേ വാർഡിലെ വോട്ടർപട്ടികയിൽ തന്നെ പേരുള്ള ആളായിരിക്കണം. ബധിരനും മൂകനുമായ ഒരാളിന് തിരഞ്ഞെടുപ്പിൽ മത്സരിക്കാനാകില്ല.

സംവരണസീറ്റിൽ മത്സരിക്കുന്നയാൾ ആ സംവരണ വിഭാഗത്തിൽപ്പെട്ട ആളായിരിക്കണം. പട്ടികജാതി, പട്ടികവർഗ്ഗ സംവരണവാർഡുകളിൽ മത്സരിക്കുന്നവർ അധികാരിതയുള്ള ഉദ്യോഗസ്ഥനിൽ നിന്നും ലഭിച്ച ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കണം.

സംസ്ഥാന സർക്കാരിന്റെയോ കേന്ദ്ര സർക്കാരിന്റെയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയോ , അവ നിയന്ത്രിക്കുന്ന കോർപ്പറേഷനുകളിലെയോ ജീവനക്കാർക്കും ഉദ്യോഗസ്ഥർക്കും സ്ഥാനാർത്ഥിയാകാൻ കഴിയില്ല.

കേന്ദ്ര,സംസ്ഥാനസർക്കാരുകൾക്കും തദ്ദേശസ്ഥാപനങ്ങൾക്കും 51 ശതമാനത്തിൽ കുറയാതെ ഓഹരിയുള്ള കമ്പനികളിലും സഹകരണസംഘങ്ങളിലുമുള്ള ജീവനക്കാരും മത്സരിക്കാൻ പാടില്ല.

സംസ്ഥാനത്തെ ഏതെങ്കിലും ബോർഡിലോ സർവ്വകലാശാലയിലോ ഉള്ള ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും മത്സരിക്കാൻ യോഗ്യതയില്ല. പാർട്ട് ടൈം ജീവനക്കാരും ഓണറേറിയം കൈപ്പറ്റുന്ന ജീവനക്കാരും ഇതിൽപ്പെടും.

അങ്കണവാടി ജീവനക്കാർക്കും ബാലവാടി ജീവനക്കാർക്കും ആശാവർക്കർമാർക്കും പഞ്ചായത്ത്, മുനിസിപ്പാലിറ്റി തിരഞ്ഞെടുപ്പുകളിൽ മത്സരിക്കാം. സാക്ഷരതാ പ്രേരക്മാർക്ക് പഞ്ചായത്തുകളിൽ മാത്രമേ മത്സരിക്കാൻ യോഗ്യത ഉള്ളൂ.

സർക്കാരിന് 51 ശതമാനം ഓഹരിയില്ലാത്ത പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് മത്സരിക്കാം.

കെ.എസ്.ആർ.ടി.സി ജീവനക്കാർ, എംപാനൽ കണ്ടക്ടർമാർ, ഇലക്ട്രിസിറ്റി ബോർഡ് ജീവനക്കാർ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലൂടെ 179 ദിവസത്തേക്ക് നിയമിക്കപ്പെടുന്ന താൽക്കാലിക ജീവനക്കാർ എന്നിവർക്കും മത്സരിക്കാൻ കഴിയില്ല.

കുടുംബശ്രീ സിഡിഎസ് ചെയർപേഴ്സൺമാർക്ക് മത്സരിക്കാം. എന്നാൽ തദ്ദേശസ്ഥാപനത്തിലെ സിഡിഎസ് അക്കൗണ്ടന്റുമാർക്ക് മത്സരിക്കാൻ കഴിയില്ല.

സർക്കാരുമായോ തദ്ദേശസ്ഥാപനവുമായോ നിലവിലുള്ള കരാറിൽ ഏർപ്പെട്ടിട്ടുള്ള ആൾക്കും മത്സരിക്കാൻ കഴിയില്ല.

സർക്കാരിലേയ്ക്കോ തദ്ദേശസ്ഥാപനത്തിലേയ്ക്കോ ഏതെങ്കിലും കുടിശ്ശികയുള്ളവർക്കും സ്ഥാനാർത്ഥിയാകാൻ കഴിയില്ല.

സർക്കാരുമായുള്ള ഏതെങ്കിലും കരാറിലോ ലേലത്തിനോ വീഴ്ച വരുത്തുന്നതിന്റെ ഫലമായി ബ്ളാക്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരും മത്സരിക്കാൻ അയോഗ്യരാണ്. തദ്ദേശസ്ഥാപനത്തിന്റെ ധനമോ മറ്റു വസ്തുക്കളോ നഷ്ടപ്പെടുത്തുകയോ പാഴാക്കുകയോ ദുർവിനിയോഗം ചെയ്യുകയോ ചെയ്തിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണസ്ഥാപന ഓംബുഡ്സ്മാൻ കണ്ടെത്തിയ വ്യക്തിക്കും മത്സരിക്കുന്നതിന് കഴിയില്ല.

1951 ലെ ജനപ്രാതിനിധ്യനിയമത്തിലെ എട്ടാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും കുറ്റത്തിന് ശിക്ഷിക്കപ്പെടുകയോ അല്ലെങ്കിൽ സാന്മാർഗ്ഗിക ദൂഷ്യം ഉൾപ്പെട്ട ഒരു കുറ്റത്തിന് മൂന്ന് മാസത്തിൽ കുറയാതെയുള്ള കാലത്തേയ്ക്ക് തടവുശിക്ഷ വിധിക്കപ്പെട്ടിട്ടുള്ളതോ ആയ ഒരാൾക്ക് മത്സരിക്കുന്നതിന് അയോഗ്യതയുണ്ട്. ശിക്ഷിക്കപ്പെട്ടാൽ ജയിൽ മോചിതനായ ശേഷം ആറു കൊല്ലംവരെ അയോഗ്യത ഉണ്ടായിരിക്കും. ഏതെങ്കിലും കേസുകളിൽ പ്രതിയായതുകൊണ്ട് മാത്രം ഒരാൾക്ക് തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് അയോഗ്യതയില്ല. അഴിമതിയ്ക്കോ കൂറില്ലായ്മയ്ക്കോ ഉദ്യോഗത്തിൽ നിന്നും പിരിച്ചുവിടപ്പെട്ട ഏതൊരു ഉദ്യോഗസ്ഥനും പിരിച്ചുവിടപ്പെട്ട തീയതി മുതൽ 5 വർഷത്തേയ്ക്ക് അയോഗ്യത ഉണ്ടായിരിക്കും.

തദ്ദേശസ്വയംഭരണസ്ഥാപനത്തിൽ കൂറുമാറ്റ നിരോധന നിയമപ്രകാരം അയോഗ്യനാക്കപ്പെടുകയും അയോഗ്യനാക്കപ്പെട്ട തീയതി മുതൽ 6 വർഷം കഴിയാതിരിക്കുകയും ചെയ്താലും മത്സരിക്കാൻ യോഗ്യതയുണ്ടാകില്ല. തദ്ദേശസ്ഥാപന തിരഞ്ഞെടുപ്പിൽ മത്സരിച്ചതിന് ശേഷം തിരഞ്ഞെടുപ്പ് ചെലവ്കണക്ക് യഥാസമയം സമർപ്പിച്ചിട്ടില്ലാത്തവർക്ക് കമ്മീഷൻ അയോഗ്യനാക്കുന്ന തീയതി മുതൽ 5 വർഷക്കാലം മത്സരിക്കാനാകില്ല.

ഒരാൾ തദ്ദേശസ്ഥാപനത്തിന്റെ ഒരു വാർഡിലേക്ക് മാത്രമേ മത്സരിക്കാൻ പാടുള്ളൂ. ഒന്നിൽ കൂടുതൽ വാർഡിലേക്ക് മത്സരിച്ചാൽ അയാളുടെ എല്ലാ പത്രികകളും നിരസിക്കുന്നതാണ്. എന്നാൽ ത്രിതല പഞ്ചായത്തുകളിൽ ഒരേ സമയം ഒന്നിലധികം തലങ്ങളിൽ മത്സരിക്കാവുന്നതാണ്.

സർക്കാർ അഭിഭാഷകർക്ക് പുറമേ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനത്തിനു വേണ്ടി പ്രതിഫലം പറ്റുന്ന അഭിഭാഷകനായി ജോലിയിലേർപ്പെട്ടിരിക്കുന്ന ആൾക്കും മത്സരിക്കാനാകില്ല.

## അധ്യായം 11
## ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ (ഇ വി എം)

2005 ലെ പൊതുതിരഞ്ഞെടുപ്പ് മുതൽ നഗരസഭാ തിരഞ്ഞെടുപ്പിലും 2015 മുതൽ ത്രിതലപഞ്ചായത്ത് തിരഞ്ഞെടുപ്പിലും ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രം ഉപയോഗിച്ചു വരുന്നു.

ഒരു കൺട്രോൾ യൂണിറ്റും ഒരു ബാലറ്റ് യൂണിറ്റും ചേരുന്നതാണ് സിംഗിൾ പോസ്റ്റ് ഇ.വി.എം. നഗരസഭകളിൽ ഉപയോഗിക്കുന്നത് ഇത്തരം മെഷീനുകളാണ്.

എന്നാൽ, ത്രിതലപഞ്ചായത്ത് തിരഞ്ഞെടുപ്പിന് മൾട്ടിപോസ്റ്റ് ഇ.വി.എം. ആണ് ഉപയോഗിക്കുക. ഒരേ സമയം നടക്കുന്ന വോട്ടെടുപ്പിൽ ഉപയോഗിക്കുന്ന ഇ.വി.എമ്മിന് ഒരു കൺട്രോൾ യൂണിറ്റും മൂന്ന് ബാലറ്റ് യൂണിറ്റുകളും ഉണ്ടായിരിക്കും.

വോട്ടിംഗ് കംപാർട്ട്മെന്റിൽ വച്ചിട്ടുള്ള മൂന്ന് ബാലറ്റ് യൂണിറ്റുകൾ ഗ്രാമപഞ്ചായത്ത്, ബ്ളോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നീ ക്രമത്തിലാണ് സജ്ജീകരിച്ചിട്ടുള്ളത്.

ഏതെങ്കിലും തലത്തിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ എണ്ണം 15-ൽ കൂടുതൽ ഉണ്ടെങ്കിൽ രണ്ടാമതൊരു ബാലറ്റ് യൂണിറ്റ് കൂടി സജ്ജമാക്കും. 16 മുതലുള്ള സ്ഥാനാർത്ഥികളുടെ വിവരം രണ്ടാമത്തെ ബാലറ്റ് യൂണിറ്റിലായിരിക്കും.

### ഇ.വി.എമ്മുകളുടെ സുരക്ഷ

ഇ.വി.എമ്മുകൾ ഉന്നത സുരക്ഷിതത്വനിലവാരം പുലർത്തുന്നവയാണ്. വിപുലമായ സുരക്ഷാമാനദണ്ഡങ്ങളാണ് ഇവയിൽ ഏർപ്പെടുത്തിയിട്ടുള്ളത്.

ഇവയിൽ ഉപയോഗിക്കുന്ന മൈക്രോ കൺട്രോളർ ചിപ്പിൽ ഒരു പ്രാവശ്യം മാത്രമേ പ്രോഗ്രാം ചെയ്യാൻ കഴിയുകയുള്ളൂ. ചിപ്പിലെ സോഫ്റ്റ് വെയർ കോഡ് വായിക്കാനോ തിരുത്താനോ സാധ്യമല്ല.

ഇ.വി.എമ്മുകളിൽ നെറ്റ് കണക്ടിവിറ്റി ഇല്ലാത്തതിനാലും, നെറ്റ് വർക്ക് മുഖേന കടന്നു കയറാൻ സാധ്യമല്ലാത്തതിനാലും അവ പൂർണമായും സ്വതന്ത്രമാണ്. കൃത്രിമത്വം തടയുന്നതിനായി ടാമ്പെർ ഡിറ്റക്ട് മെക്കാനിസം (Tamper Detect Mechanism) ഉൾപ്പെടുത്തിയിട്ടുണ്ട്. ഇ.വി.എമ്മിൽ ഓപ്പറേറ്റിംഗ് സിസ്റ്റം ഉപയോഗിച്ചിട്ടില്ല.

### നോട്ട ( NOTA)

തദ്ദേശ സ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പിൽ നോട്ട (NOTA) ഏർപ്പെടുത്തിയിട്ടില്ല. കേരള പഞ്ചായത്ത് രാജ്, മുനിസിപ്പാലിറ്റി നിയമങ്ങളിൽ നോട്ട സംബന്ധിച്ച് വ്യവസ്ഥയില്ല.

### ഇലക്ട്രോണിക് വോട്ടിങ് മെഷീൻ (ഇ വി എം)

തദ്ദേശസ്വയംഭരണ പൊതുതിരഞ്ഞെടുപ്പിനുള്ള ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾ ആദ്യഘട്ട പരിശോധന കഴിഞ്ഞ് വോട്ടെടുപ്പിന് ഉപയോഗിക്കാൻ സജ്ജമായിട്ടുണ്ട്.

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഉടമസ്ഥതയിലുള്ള 137922 ബാലറ്റ് യൂണിറ്റുകളും, 50693 കൺട്രോൾയൂണിറ്റുകളും ജില്ലകളിലെ സ്ട്രോംഗ് റൂമുകളിലാണ് സൂക്ഷിച്ചിട്ടുള്ളത്. ഇ.വി.എം ട്രാക്ക് എന്ന സോഫ്റ്റ് വെയറിന്റെ സഹായത്തോടെയാണ് ഇ.വി. എമ്മുകളുടെ വിന്യാസം നടത്തുന്നത്.

## എഫ്.എൽ.സി കഴിഞ്ഞ് പ്രവർത്തനസജ്ജമായ മെഷീനുകളുടെ ജില്ലതിരിച്ചുള്ള എണ്ണം

| ജില്ല | എണ്ണം | |
|---|---|---|
| | ബാലറ്റ് യൂണിറ്റ് | കൺട്രോൾ യൂണിറ്റ് |
| തിരുവനന്തപുരം | 11859 | 4652 |
| കൊല്ലം | 11044 | 4091 |
| പത്തനംതിട്ട | 6184 | 2180 |
| ആലപ്പുഴ | 9207 | 3305 |
| കോട്ടയം | 9516 | 3405 |
| ഇടുക്കി | 6467 | 2194 |
| എറണാകുളം | 11680 | 4658 |
| തൃശ്ശൂർ | 13157 | 4577 |
| പാലക്കാട് | 12339 | 4371 |
| മലപ്പുറം | 16174 | 5902 |
| കോഴിക്കോട് | 11024 | 4283 |
| വയനാട് | 3663 | 1379 |
| കണ്ണൂർ | 9680 | 3609 |
| കാസർഗോഡ് | 5928 | 2087 |
| **ആകെ** | **137922** | **50693** |

## വിതരണ, സ്വീകരണ വോട്ടെണ്ണൽ കേന്ദ്രങ്ങൾ

പോളിംഗ് സാധനങ്ങൾ വോട്ടെടുപ്പിന്റെ തലേദിവസം പോളിംഗ് ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്യുന്നതിനും വോട്ടെടുപ്പിന് ശേഷം അവ തിരികെ വാങ്ങി സ്ട്രോംഗ് റൂമിൽ സൂക്ഷിക്കുന്നതിനുള്ള വിതരണ സ്വീകരണ കേന്ദ്രങ്ങൾ കമ്മീഷൻ അംഗീകരിച്ച് നൽകിയിട്ടുണ്ട്. അത്തരം കേന്ദ്രങ്ങളിൽ വച്ചാണ് വോട്ടെണ്ണലും നടത്തുന്നത്. ഗ്രാമ, ബ്ലോക്ക് ,ജില്ലാ പഞ്ചായത്തുകളിലെ വിതരണ, സ്വീകരണ കേന്ദ്രങ്ങൾ ബ്ലോക്ക് തലത്തിലാണ് സജ്ജമാക്കുന്നത്. മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളെ സംബന്ധിച്ച് അതത് സ്ഥാപനതലത്തിലാണ് അത്തരം കേന്ദ്രങ്ങൾ സജ്ജമാക്കുന്നത്.

| നമ്പർ | ജില്ല | വിതരണ & വോട്ടെണ്ണൽ കേന്ദ്രങ്ങൾ |
|---|---|---|
| 1 | തിരുവനന്തപുരം | 16 |
| 2 | കൊല്ലം | 16 |
| 3 | പത്തനംതിട്ട | 12 |
| 4 | ആലപ്പുഴ | 18 |
| 5 | കോട്ടയം | 17 |
| 6 | ഇടുക്കി | 10 |
| 7 | എറണാകുളം | 28 |
| 8 | തൃശ്ശൂർ | 24 |
| 9 | പാലക്കാട് | 20 |
| 10 | മലപ്പുറം | 27 |
| 11 | കോഴിക്കോട് | 20 |
| 12 | വയനാട് | 7 |
| 13 | കണ്ണൂർ | 20 |
| 14 | കാസർഗോഡ് | 9 |
| ആകെ | | 244 |

# അധ്യായം 12

## മാതൃകാ പെരുമാറ്റച്ചട്ടം

## തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ പാലിക്കേണ്ട മാതൃകാ പെരുമാറ്റച്ചട്ടം

സംസ്ഥാനതിരഞ്ഞെടുപ്പ് കമ്മീഷൻ തിരഞ്ഞെടുപ്പ് സമയക്രമം പ്രഖ്യാപിക്കുന്ന തീയതി മുതൽ മാതൃകാപെരുമാറ്റച്ചട്ടം പ്രാബല്യത്തിൽ വരുന്നതാണ്. തിരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാകുന്നത് വരെ പെരുമാറ്റച്ചട്ടം തുടരും.

സ്വതന്ത്രവും നിഷ്പക്ഷവും നീതിപൂർവ്വവുമായി തിരഞ്ഞെടുപ്പ് നടത്തുന്നതിന് സ്ഥാനാർത്ഥികളും രാഷ്ട്രീയ കക്ഷികളും മാതൃകാപെരുമാറ്റച്ചട്ടം പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തണം. ഔദ്യോഗിക സംവിധാനങ്ങളുടെ ദുരുപയോഗം, തിരഞ്ഞെടുപ്പ് കുറ്റകൃത്യങ്ങൾ, കള്ളവോട്ട്, വോട്ടർമാരെ പണം നൽകി സ്വാധീനിക്കൽ തുടങ്ങിയ നിയമവിരുദ്ധപ്രവർത്തനങ്ങൾ തടയുന്നതിനുള്ള നടപടികളും കമ്മീഷൻ സ്വീകരിക്കും.

## പെരുമാറ്റച്ചട്ടം ബാധകമാകുന്ന പ്രദേശങ്ങൾ

പൊതുതിരഞ്ഞെടുപ്പ് വേളയിൽ സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും മാതൃകാപെരുമാറ്റച്ചട്ടം ബാധകമായിരിക്കും. എന്നാൽ ഉപതിരഞ്ഞെടുപ്പ് നടക്കുമ്പോൾ ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളിൽ അതത് നിയോജകമണ്ഡലങ്ങളിലും, ആ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടുവരുന്ന ഗ്രാമപഞ്ചായത്തുകളിലെ എല്ലാ നിയോജകമണ്ഡലങ്ങളിലും പെരുമാറ്റചട്ടം ബാധകമായിരിക്കും. ഗ്രാമപഞ്ചായത്തുകളുടെ കാര്യത്തിൽ ഗ്രാമപഞ്ചായത്തിലെ എല്ലാ നിയോജകമണ്ഡലങ്ങളിലും മാതൃകാപെരുമാറ്റചട്ടം ബാധകമാണ്. കോർപ്പറേഷൻ, മുനിസിപ്പാലിറ്റി വാർഡുകളിലെ ഉപതിരഞ്ഞെടുപ്പ് വേളയിൽ തിരഞ്ഞെടുപ്പ് നടക്കുന്ന വാർഡുകളിൽ മാത്രമാണ് പെരുമാറ്റചട്ടം ബാധകം.

## പൊതുവായ പെരുമാറ്റച്ചട്ടം

വിവിധ ജാതികളും സമുദായങ്ങളും തമ്മിൽ മതപരമോ, വംശപരമോ, ജാതിപരമോ, സമുദായപരമോ, ഭാഷാപരമോ ആയ സംഘർഷങ്ങൾ ഉളവാക്കുന്നതോ, ഇത്തരം ഭിന്നതകൾക്ക് ആക്കം കൂട്ടുന്നതോ പരസ്പര വിദ്വേഷം ജനിപ്പിക്കുന്നതോ ആയ ഒരു പ്രവർത്തനത്തിലും രാഷ്ട്രീയ കക്ഷികളോ സ്ഥാനാർത്ഥികളോ ഏർപ്പെടുവാൻ പാടില്ല.

മറ്റു കക്ഷികളുടെ നേതാക്കൻമാരുടെയും പ്രവർത്തകരുടെയും , പൊതുപ്രവർത്തനവുമായി ബന്ധമില്ലാത്ത സ്വകാര്യ ജീവിതത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് രാഷ്ട്രീയ കക്ഷികളും സ്ഥാനാർത്ഥികളും വിമർശിക്കരുത്. അടിസ്ഥാനരഹിതമായതോ ,വളച്ചൊടിച്ചതോ ആയ ആരോപണങ്ങൾ ഉന്നയിക്കുന്നതും ഒഴിവാക്കണം.

ജാതിയുടെയും സമുദായത്തിന്റെയും പേരിൽ വോട്ട് ചോദിക്കുകയോ ആരാധനാലയങ്ങൾ, മതസ്ഥാപനങ്ങൾ എന്നിവ തിരഞ്ഞെടുപ്പ് പ്രചാരണത്തിനുള്ള

വേദിയാക്കുകയോ ചെയ്യരുത്. ഏതെങ്കിലും സ്ഥാനാർത്ഥിക്കോ, സമ്മതിദായകനോ അവർക്ക് താൽപര്യമുള്ള വ്യക്തികൾക്കോ എതിരെ സാമൂഹിക ബഹിഷ്ക്കരണം, സാമൂഹിക ജാതിഭ്രഷ്ട് തുടങ്ങിയ ഭീഷണികൾ പാടില്ല.

വ്യക്തികളുടെ അഭിപ്രായങ്ങളിലും പ്രവർത്തനങ്ങളിലും പ്രതിഷേധം രേഖപ്പെടുത്തുന്നതിനായി അവരുടെ വീടുകൾക്ക് മുന്നിൽ പ്രകടനങ്ങൾ സംഘടിപ്പിക്കുക, പിക്കറ്റ് ചെയ്യുക തുടങ്ങിയവ പാടില്ല.

ഒരു വ്യക്തിയുടെ സ്ഥലം, കെട്ടിടം, മതിൽ എന്നിവയിൽ അയാളുടെ അനുവാദം കൂടാതെ ബാനർ, കൊടിമരം എന്നിവ നാട്ടുന്നതിനോ പരസ്യം ഒട്ടിക്കുന്നതിനോ, മുദ്രാവാക്യങ്ങൾ എഴുതുന്നതിനോ പാടില്ല.

സർക്കാർ ഓഫീസുകളിലും അവയുടെ കോമ്പൗണ്ടിലും പരിസരത്തും ചുവർ എഴുതാനോ പോസ്റ്റർ ഒട്ടിക്കാനോ, ബാനർ കട്ട്ഔട്ട് തുടങ്ങിയവ സ്ഥാപിക്കാനോ പാടില്ല. പൊതുസ്ഥലത്ത് പരസ്യങ്ങളും ബോർഡുകളും പ്രചാരണോപാധികളും സ്ഥാപിക്കുന്നതിന് തടസ്സമില്ലെങ്കിൽ അവിടെ പരസ്യങ്ങൾ സ്ഥാപിക്കുന്നതിന് എല്ലാ രാഷ്ട്രീയ കക്ഷികൾക്കും തുല്യ അവസരം നൽകണം. പ്രത്യേക കക്ഷിക്കോ സ്ഥാനാർത്ഥിക്കോ മാത്രമായി ഒരു പൊതു സ്ഥലവും മാറ്റി വച്ചിട്ടില്ലെന്ന് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തണം.

രാഷ്ട്രീയ കക്ഷികളോ സ്ഥാനാർത്ഥികളോ ഏതെങ്കിലും പൊതുസ്ഥലമോ സ്വകാര്യസ്ഥലമോ പരസ്യങ്ങൾ, മുദ്രാവാക്യങ്ങൾ എന്നിവ എഴുതി വികൃതമാക്കിയതായി പരാതി ലഭിച്ചാൽ അവ ഉടൻ നീക്കം ചെയ്യാൻ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ നോട്ടീസ് നൽകണം. നോട്ടീസ് ലഭിച്ചിട്ടും അവ നീക്കം ചെയ്തില്ലെങ്കിൽ നടപടി സ്വീകരിക്കണം. അതിന് വേണ്ടി വരുന്ന ചെലവ് ബന്ധപ്പെട്ട സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പ് ചെലവിനോട് ചേർക്കണം.

വിദ്യാഭ്യാസസ്ഥാപനങ്ങളുടെ മൈതാനങ്ങൾ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട രാഷ്ട്രീയ പ്രചരണങ്ങൾക്കോ റാലികൾക്കോ ഉപയോഗിക്കാൻ പാടില്ല.

## പൊതുയോഗങ്ങൾ

പൊതുയോഗം നടത്തുന്ന സ്ഥലവും സമയവും ബന്ധപ്പെട്ട പാർട്ടിയോ സ്ഥാനാർത്ഥിയോ സ്ഥലത്തെ പോലീസ് അധികാരികളെ മുൻകൂട്ടി അറിച്ചിരിക്കണം.

യോഗം നടത്താൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് ഏതെങ്കിലും നിയന്ത്രണ ഉത്തരവോ നിരോധനാജ്ഞയോ പ്രാബല്യത്തിൽ ഇല്ല എന്ന് രാഷ്ട്രീയ കക്ഷിയോ സ്ഥാനാർത്ഥിയോ ഉറപ്പു വരുത്തണം. അത്തരത്തിൽ ഏതെങ്കിലും ഉത്തരവുകൾ നിലവിലുണ്ടെങ്കിൽ അവ കർശനമായി പാലിക്കേണ്ടതാണ്.

തങ്ങളുടെ അനുയായികൾ മറ്റു കക്ഷികളുടെ യോഗങ്ങളും ജാഥകളും തടസ്സപ്പെടുത്തുകയോ, അവയിൽ ഛിദ്രമുണ്ടാക്കുകയോ ചെയ്യുന്നില്ലെന്ന് രാഷ്ട്രീയകക്ഷികളും സ്ഥാനാർത്ഥികളും ഉറപ്പു വരുത്തണം.

യോഗങ്ങൾ നടത്തുന്നതിന് ഉച്ചഭാഷിണിയോ മറ്റു സൗകര്യമോ ഉപയോഗിക്കുന്നതിന്

അനുവാദം ലഭിക്കേണ്ടതുണ്ടെങ്കിൽ പാർട്ടിയോ സ്ഥാനാർത്ഥിയോ ബന്ധപ്പെട്ട അധികാരികളിൽ നിന്നും അനുവാദം വാങ്ങിയിരിക്കണം.

സർക്കാരിന്റെയോ സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളുടെയോ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിലുള്ള ഹാളുകളിൽ യോഗങ്ങൾ നടത്തുന്നതിന് എല്ലാ രാഷ്ട്രീയകക്ഷികൾക്കും സ്ഥാനാർത്ഥികൾക്കും തുല്യ അവസരം നൽകണം.

വിദ്യാഭ്യാസസ്ഥാപനങ്ങളുടെ മൈതാനങ്ങൾ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട യോഗങ്ങൾക്ക് ഉപയോഗിക്കാൻ പാടില്ല.

## ജാഥകൾ

ജാഥകളും പൊതുയോഗങ്ങളും സംഘടിപ്പിക്കുന്നത് നിലവിലുള്ള ബന്ധപ്പെട്ട നിയമവ്യവസ്ഥകളും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെയും ഹൈക്കോടതിയുടെയും ഉത്തരവുകളും അനുസരിച്ചായിരിക്കണം.

ജാഥകൾ സംഘടിപ്പിക്കുന്ന പാർട്ടിയോ സ്ഥാനാർത്ഥിയോ ജാഥ ആരംഭിക്കുന്ന സമയവും സ്ഥലവും ജാഥയുടെ റൂട്ടും, ജാഥ അവസാനിക്കുന്ന സമയവും സ്ഥലവും മുൻകൂട്ടി തീരുമാനിക്കേണ്ടതും അവ പോലീസ് അധികാരികളെ മുൻകൂട്ടി അറിയിക്കേണ്ടതുമാണ്.

ജാഥ കടന്നുപോകുന്ന പ്രദേശങ്ങളിൽ എന്തെങ്കിലും നിയന്ത്രണ ഉത്തരവുകൾ ഉണ്ടെങ്കിൽ അവ കൃത്യമായി പാലിക്കണം.

ഗതാഗതകുരുക്ക് ഒഴിവാക്കുകയും ട്രാഫിക് നിയന്ത്രണങ്ങൾ പാലിക്കുകയും വേണം.

മറ്റ് പാർട്ടി നേതാക്കളുടെയോ അംഗങ്ങളുടെയോ കോലം കൊണ്ടു നടക്കുന്നതും പരസ്യമായി കോലം കത്തിക്കുന്നതും ഒഴിവാക്കേണ്ടതാണ്.

## ലഘുലേഖകൾ, പോസ്റ്ററുകൾ

ലഘുലേഖകളുടെയും പോസ്റ്ററുകളുടെയും പുറത്ത് അത് അച്ചടിക്കുന്നയാളിന്റെയും പ്രസാധകന്റെയും പേരും മേൽവിലാസവും കോപ്പികളുടെ എണ്ണവും ഉണ്ടായിരിക്കണം. കൂടാതെ അച്ചടിക്കുന്നതിനു മുൻപായി പ്രസാധകനെ തിരിച്ചറിയുന്നതിനായി രണ്ട് ആളുകൾ സാക്ഷ്യപ്പെടുത്തിയ നിശ്ചിതഫാറത്തിലുള്ള പ്രഖ്യാപനം അച്ചടിക്കുന്നയാളിന് (പ്രസ്സുടമ) നൽകേണ്ടതും അച്ചടിച്ചശേഷം മേൽപ്പറഞ്ഞ പ്രഖ്യാപനത്തോടൊപ്പം അച്ചടിരേഖയുടെ പകർപ്പ് സഹിതം പ്രസ്സുടമ നിശ്ചിതഫാറത്തിൽ ജില്ലാതിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് അയച്ചുകൊടുക്കേണ്ടതുമാണ്.

തിരഞ്ഞെടുപ്പ് പരസ്യബോർഡുകൾ, ബാനറുകൾ എന്നിവ സ്ഥാപിച്ചിട്ടുള്ളത് സംബന്ധിച്ച വിവരം വരണാധികാരിയെ നിശ്ചിത ഫോറത്തിൽ അറിയിച്ചിരിക്കണം.

## മാധ്യമ പരസ്യങ്ങൾ

രാഷ്ട്രീയകക്ഷികളും സ്ഥാനാർത്ഥികളും പത്രം, ടെലിവിഷൻ, റേഡിയോ, സാമൂഹ്യമാധ്യമങ്ങൾ ഉൾപ്പെടെയുള്ള വിവിധ മാധ്യമങ്ങളിൽ നൽകുന്ന പരസ്യങ്ങൾ നിയമാനുസൃതമായിരിക്കണം. അപകീർത്തികരമായ പ്രചാരണങ്ങൾ പാടില്ല.

## വാഹനങ്ങൾ

വാഹനങ്ങളിൽ ലൗഡ് സ്പീക്കർ ഘടിപ്പിച്ചോ മറ്റ് തരത്തിലോ മാറ്റങ്ങൾ വരുത്തിയോ തിരഞ്ഞെടുപ്പ് പ്രചാരണത്തിന് ഉപയോഗിക്കുന്നത് മോട്ടോർവാഹന നിയമങ്ങളും മറ്റ് നിയമങ്ങളും പാലിച്ചായിരിക്കണം.

ബന്ധപ്പെട്ട അധികാരികളിൽ നിന്നും ആവശ്യമായ അനുമതി വാങ്ങിയ ശേഷം മാത്രമേ വാഹനങ്ങളിൽ രൂപമാറ്റം വരുത്തി പ്രത്യേക പ്രചാരണവാഹനമായോ , വീഡിയോ പ്രചാരണ വാഹനമായോ ഉപയോഗിക്കാവൂ.

## വോട്ടെടുപ്പ് ദിവസം

വോട്ടർമാർക്ക് നിർഭയമായി സമ്മതിദാനാവകാശം വിനിയോഗിക്കുന്നതിനുള്ള പൂർണസ്വാതന്ത്ര്യം ഉറപ്പ് വരുത്താൻ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ നടപടി സ്വീകരിക്കും.

രാഷ്ട്രീയ കക്ഷികൾ അവരുടെ അംഗീകൃത പ്രവർത്തകർക്ക് അനുയോജ്യമായ ബാഡ്ജുകളും ഐഡന്റിറ്റി കാർഡുകളും നൽകേണ്ടതാണ്.

സമ്മതിദായകർക്ക് നൽകുന്ന അനൗദ്യോഗിക സ്ലിപ്പുകൾ വെള്ളക്കടലാസിൽ ആയി രിക്കണം. അവയിൽ സ്ഥാനാർത്ഥിയുടെയോ കക്ഷിയുടെയോ പേരോ ചിഹ്നമോ ഉണ്ടാകരുത്.

സമ്മതിദായകർക്ക് കൈക്കൂലി നൽകുക, ഭീഷണിപ്പെടുത്തുക, സമ്മതിദായകരായി ആൾമാറാട്ടം നടത്തുക, ഏതെങ്കിലും സ്ഥാനാർത്ഥിക്കു വേണ്ടി തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാതിരിക്കാൻ സമ്മതിദായകനെ പ്രേരിപ്പിക്കുക, പോളിംഗ് സ്റ്റേഷനിലേക്കും അവിടെ നിന്ന് തിരിച്ചും സമ്മതിദായകരെ വാഹനങ്ങളിൽ കൊണ്ടുപോകുക തുടങ്ങിയവയും പെരുമാറ്റച്ചട്ട ലംഘനമാകും.

മുനിസിപ്പാലിറ്റി മേഖലയിൽ പോളിംഗ് സ്റ്റേഷന്റെ 100 മീറ്ററിനുള്ളിലും പഞ്ചായത്തിൽ 200 മീറ്ററിനുള്ളിലും വോട്ടെടുപ്പ് ദിനത്തിൽ വോട്ട് അഭ്യർത്ഥിക്കാനോ, രാഷ്ട്രീയകക്ഷിയുടെയോ സ്ഥാനാർത്ഥിയുടെയോ പേരോ ചിഹ്നമോ ആലേഖനം ചെയ്ത മാസ്ക് , വസ്ത്രങ്ങൾ, തൊപ്പി , തുടങ്ങിയവയൊന്നും ഉപയോഗിക്കുവാനോ പാടില്ല.

വോട്ടെടുപ്പ് അവസാനിക്കുന്നതിന് മുൻപുള്ള 48 മണിക്കൂറിലും വോട്ടെണ്ണുന്ന ദിവസവും മദ്യം നൽകുകയോ വിതരണം നടത്തുകയോ ചെയ്യരുത്. വോട്ടെടുപ്പ് അവസാനി ക്കുന്നതിന് മുൻപുള്ള 48 മണിക്കൂറിൽ പരസ്യ പ്രചാരണം നടത്തരുത്.

വോട്ടെടുപ്പ് ദിവസം വാഹനങ്ങൾ ഉപയോഗിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ പാലിക്കുകയും , അതിനായി പെർമിറ്റ് വാങ്ങി അതത് വാഹനങ്ങളിൽ വ്യക്തമായി പ്രദർശിപ്പിക്കുകയും വേണം.

## പോളിംഗ് ബൂത്ത്

സമ്മതിദായകർ ഒഴികെ, തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിയമാനുസൃതമായ പാസില്ലാത്ത ആർക്കും പോളിംഗ് ബൂത്തിൽ പ്രവേശനമില്ല.

## ഡമ്മി ബാലറ്റ്

സ്ഥാനാർത്ഥികൾക്കോ രാഷ്ട്രീയകക്ഷികൾക്കോ ഡമ്മി ബാലറ്റ് പേപ്പർ അച്ചടിക്കുന്നതിന് തടസ്സമില്ല. എന്നാൽ ഡമ്മി ബാലറ്റ് പേപ്പറിന് വലിപ്പത്തിലും നിറത്തിലും അസൽ ബാലറ്റ് പേപ്പറിനോട് സാമ്യം ഉണ്ടാകാൻ പാടില്ല.

ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയ്ക്ക് വെള്ളയും ബ്ളോക്ക് പഞ്ചായത്തിന് പിങ്കും, ജില്ലാപഞ്ചായത്തിന് നീലയും നിറം ബാലറ്റ് പേപ്പറാണ് കമ്മീഷൻ നിശ്ചയിച്ചിട്ടുള്ളത്. അതിനാൽ വെള്ള, പിങ്ക്, നീല എന്നീ നിറങ്ങളൊഴിച്ച് മറ്റ് നിറങ്ങളിൽ ഡമ്മി ബാലറ്റ് പേപ്പർ അച്ചടിക്കാം.

ഒരു സ്ഥാനാർത്ഥി തന്റെ പേര് ബാലറ്റ് പേപ്പറിൽ എവിടെ വരുമെന്ന് സൂചിപ്പിക്കാൻ സ്വന്തം പേരും ചിഹ്നവുമുള്ള ഡമ്മി പേപ്പർ അച്ചടിക്കുന്നതിന് തടസ്സമില്ല. പക്ഷെ ഡമ്മി ബാലറ്റ് പേപ്പറിൽ അതേ നിയോജകമണ്ഡലത്തിൽ മത്സരിക്കുന്ന മറ്റു സ്ഥാനാർത്ഥികളുടെ പേരും ചിഹ്നവും ഉണ്ടാകരുത്.

## അധികാരത്തിലിരിക്കുന്ന കക്ഷി

കേന്ദ്രത്തിലോ സംസ്ഥാനത്തിലോ തദ്ദേശസ്ഥാപനങ്ങളിലോ അധികാരത്തിലിരിക്കുന്ന കക്ഷി അതിന്റെ ഔദ്യോഗിക സ്ഥാനം തിരഞ്ഞെടുപ്പ് പ്രചാരണത്തിനായി വിനിയോഗിക്കരുത്. മന്ത്രിമാർ, എം.പി മാർ, എം.എൽ.എമാർ, തദ്ദേശസ്ഥാപന അംഗങ്ങൾ, അധ്യക്ഷൻ, ഉപാധ്യക്ഷൻ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ എന്നിവരുടെ ഔദ്യോഗിക യാത്രകൾ തിരഞ്ഞെടുപ്പ് പ്രചാരണവുമായി ബന്ധപ്പെടുത്താൻ പാടില്ല. തിരഞ്ഞെടുപ്പ് പ്രചാരണത്തിന് ഔദ്യോഗിക സംവിധാനത്തെയോ ജീവനക്കാരെയോ ഉപയോഗിക്കാനും പാടില്ല.

അധികാരത്തിലിരിക്കുന്ന കക്ഷിയുടെ താൽപര്യാർത്ഥം സർക്കാർ വാഹനങ്ങൾ ഉപയോഗിക്കരുത്.

പൊതുസ്ഥലങ്ങളും മൈതാനങ്ങളും ഹെലിപ്പാഡുകളും ഭരണകക്ഷിയുടെ മാത്രം ഉപയോഗത്തിനായി കൈയടക്കാൻ പാടില്ല. ഭരണകക്ഷിക്കാർക്ക് ലഭ്യമായ അതേ വ്യവസ്ഥയിൽ തന്നെ മറ്റു കക്ഷികൾക്കും ലഭ്യമാക്കേണ്ടതാണ്.

റസ്റ്റ് ഹൗസുകൾ, ഗസ്റ്റ് ഹൗസുകൾ എന്നിവിടങ്ങളിലെ സ്ഥലസൗകര്യങ്ങൾ പ്രചാരണ ഓഫീസായോ ,സമ്മേളനസ്ഥലമായോ ഉപയോഗിക്കരുത്.

തിരഞ്ഞെടുപ്പ് സമയത്ത് അധികാരത്തിലിരിക്കുന്ന പാർട്ടിയുടെ താൽപര്യത്തിനായി അവരുടെ ഭരണനേട്ടങ്ങളെക്കുറിച്ച് കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെയോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയോ ചെലവിൽ അച്ചടി, ദൃശ്യ, ശ്രവ്യ, സാമൂഹ്യമാധ്യമങ്ങളിലൂടെ പരസ്യങ്ങൾ പാടില്ല.

**മന്ത്രിമാർ, എം.പിമാർ, എം.എൽ.എമാർ, തദ്ദേശസ്ഥാപന അംഗങ്ങൾ, അധ്യക്ഷൻ, ഉപാധ്യക്ഷൻ, സ്റ്റാന്റിങ് കമ്മിറ്റി അദ്ധ്യക്ഷൻ** , എന്നിവർ പാലിക്കേണ്ടവ

തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിന് ശേഷം തങ്ങളുടെ വിവേചനാധികാരം ഉപയോഗിച്ച് നൽകാവുന്ന ഫണ്ടുകളിൽ നിന്ന് ആനുകൂല്യങ്ങൾ നൽകാൻ പാടില്ല.

പുതിയ ധനസഹായം അനുവദിക്കാനോ, നൽകാമെന്ന് ഉറപ്പ് നൽകാനോ, പുതുതായി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാനോ പാടില്ല.

സ്ഥാനാർത്ഥി/വോട്ടർ അല്ലെങ്കിൽ സ്ഥാനാർത്ഥിയുടെ ഏജന്റ് എന്നീ നിലകളിൽ അല്ലാതെ പോളിംഗ്/കൗണ്ടിംഗ് സ്റ്റേഷനിൽ പ്രവേശിക്കാൻ പാടില്ല.

പുതിയ പദ്ധതികളുടെയോ സ്കീമുകളുടെയോ ഉദ്ഘാടനം, തറക്കല്ലിടൽ എന്നിവ ഒഴിവാക്കണം. റോഡ് നിർമാണം, ശുദ്ധജലവിതരണം, വൈദ്യുതി വിതരണം തുടങ്ങിയവ യെക്കുറിച്ച് പുതുതായി ഉറപ്പുകൾ നൽകാനോ പ്രഖ്യാപനങ്ങൾ നടത്താനോ പാടില്ല.

തദ്ദേശസ്ഥാപന തിരഞ്ഞെടുപ്പിലെ സ്ഥാനാർത്ഥി, വോട്ടർ, അല്ലെങ്കിൽ സ്ഥാനാർ ത്ഥിയുടെ ഏജന്റ് എന്നീ നിലയിലല്ലാതെ പോളിംഗ് സ്റ്റേഷനിലോ കൗണ്ടിംഗ് സ്റ്റേഷനിലോ പ്രവേശിക്കാൻ പാടില്ല.

സർക്കാരിലോ പൊതുമേഖലാ സ്ഥാപനങ്ങളിലോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളി ലോ ഇടക്കാല/താൽക്കാലിക നിയമനങ്ങൾ നടത്താൻ പാടില്ല.

കേന്ദ്ര-സംസ്ഥാന സർക്കാർ, തദ്ദേശസ്ഥാപന ജീവനക്കാരെ തിരഞ്ഞെടുപ്പ് പ്രചാരണ പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കാൻ പാടില്ല.

## പോളിങ് സ്റ്റേഷനിൽ ആർക്കൊക്കെ പ്രവേശിക്കാം

അർഹതയുള്ള സമ്മതിദായകർ, പോളിങ് ഓഫീസർമാർ, സ്ഥാനാർത്ഥിയും സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പ് ഏജന്റും, സ്ഥാനാർത്ഥിയുടെ ഒന്ന് വീതം പോളിങ് ഏജന്റ്മാർ, തിരഞ്ഞെടുപ്പ് കമ്മീഷൻ അധികാരപ്പെടുത്തിയിട്ടുള്ളവർ, തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥർ, കമ്മീഷൻ നിയോഗിച്ചിട്ടുള്ള നിരീക്ഷകർ, സമ്മതിദായകന്റെ ഒപ്പമുള്ള കൈക്കുഞ്ഞ്, പരസഹായം കൂടാതെ സഞ്ചരിക്കാൻ കഴിയാത്ത അന്ധതയോ അവശതയോയുള്ള സമ്മതിദായകനെ അനുധാവനം ചെയ്യാൻ അനുവദിക്കപ്പെടുന്ന പ്രായപൂർത്തിയായ വ്യക്തി, സമ്മതിദായകരെ തിരിച്ചറിയുന്നതിനോ വോട്ടെടുപ്പ് നടത്തുന്നതിന് മറ്റുവിധത്തിൽ സഹായിക്കുന്നതിനോ പ്രിസൈഡിങ് ഓഫീസർ പ്രവേശിപ്പിക്കുന്നവർ എന്നിവരെ പോളിങ് സ്റ്റേഷനിൽ പ്രവേശിപ്പിക്കുവാൻ പ്രിസൈഡിങ് ഓഫീസർമാർക്ക് അനുവദിക്കാവുന്നതാണ്.

സമ്മതിദായകനല്ലാത്തതോ വോട്ടെടുപ്പ് നടത്തുന്നതിൽ പ്രിസൈഡിങ് ഓഫീസറെ സഹായിക്കാൻ ചുമതലപ്പെട്ടവരോ അല്ലാത്ത ആരെയും പോളിങ് സ്റ്റേഷനിൽ കടക്കുവാൻ അധികാരപ്പെടുത്താൻ ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർക്കോ വരണാധികാരിക്കോ അനുവാദമില്ല.

## ഹരിത പെരുമാറ്റച്ചട്ടം

പൊതുതിരഞ്ഞെടുപ്പ് സമ്പൂർണമായും ഹരിതചട്ടം പാലിച്ചായിരിക്കും നടത്തുക. പരിസ്ഥിതിസൗഹൃദമായ സാമഗ്രികൾ മാത്രമേ പ്രചാരണത്തിന് ഉപയോഗിക്കാൻ അനുവദിക്കുകയുള്ളൂ. മണ്ണിൽ അലിഞ്ഞുചേരുന്നതും പുന:ചംക്രമണം സാധ്യമാകുന്ന തുമായ വസ്തുക്കൾ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. പ്ലാസ്റ്റിക് , പിവിസി എന്നിവയിൽ നിർമ്മിച്ച ബോർഡുകൾ, ബാനറുകൾ, കൊടിതോരണങ്ങൾ എന്നിവ പാടില്ല.

തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട എല്ലാ ഔദ്യോഗിക ആവശ്യങ്ങൾക്കും കോട്ടൺ തുണി, പേപ്പർ, പോളി എത്തിലീൻ തുടങ്ങിയവ മാത്രമേ ഉപയോഗിക്കാവൂ. ഡിസ്പോസബിൾ പ്ളാസ്റ്റിക് ഗ്ലാസ്, ബോട്ടിൽ എന്നിവ പൂർണമായും ഒഴിവാക്കും.

തിരഞ്ഞെടുപ്പ് കഴിഞ്ഞാലുടൻ എല്ലാ സ്ഥാനാർത്ഥികളും രാഷ്ട്രീയകക്ഷികളും സ്ഥാപിച്ച തിരഞ്ഞെടുപ്പ് പരസ്യങ്ങൾ നീക്കം ചെയ്ത് നശിപ്പിക്കുകയോ പുന:ചംക്രമണം ചെയ്യുന്നതിന് ബന്ധപ്പെട്ട ഏജൻസികൾക്ക് കൈമാറുകയോ വേണം. വോട്ടെടുപ്പ് അവസാനിച്ച് അഞ്ച് ദിവസത്തിനകം നീക്കം ചെയ്തില്ലെങ്കിൽ ബന്ധപ്പെട്ട തദ്ദേശസ്ഥാപന സെക്രട്ടറി അവ നീക്കം ചെയ്ത് , അതിന്റെ ചെലവ് പരസ്യത്തിന്റെ ഗുണഭോക്താവായ സ്ഥാനാർത്ഥിയിൽ നിന്ന് ഈടാക്കും.

തദ്ദേശസ്വയംഭരണവകുപ്പ്, കുടുംബശ്രീ, ഹരിതകർമ്മസേന, ശുചിത്വമിഷൻ, ക്ളീൻ കേരള കമ്പനി എന്നിവയുടെ പങ്കാളിത്തത്തോടെയാണ് ഹരിത പെരുമാറ്റച്ചട്ടം നടപ്പാക്കുക.

# അധ്യായം 13

# വോട്ടെടുപ്പ്, വോട്ടെണ്ണൽ

## പോളിംഗ്ഏജന്റ്

ഒരു സ്ഥാനാർത്ഥിക്കോ അയാളുടെ തിരഞ്ഞെടുപ്പ് ഏജന്റിനോ ഓരോ പോളിംഗ് സ്റ്റേഷനിലേക്കും ഒരു പോളിംഗ് ഏജന്റിനെയും രണ്ട് റിലീഫ് ഏജന്റുമാരെയും നിയമിക്കാം.

## മോക്ക് പോൾ

വോട്ടെടുപ്പ് ദിവസം രാവിലെ 6 മണിക്ക് ഹാജരായ സ്ഥാനാർത്ഥികളുടെയോ ഏജന്റുമാരുടെയോ സാന്നിധ്യത്തിൽ മോക്ക്പോൾ നടത്തും.

## പോളിംഗ് സമയം

വോട്ടെടുപ്പിന് നിശ്ചയിച്ചിട്ടുള്ള ദിവസം രാവിലെ 7 മണി മുതൽ വൈകുന്നേരം 6 മണി വരെയാണ് വോട്ടെടുപ്പ്. വൈകുന്നേരം 6 മണി വരെ പോളിംഗ് സ്റ്റേഷനിൽ വോട്ടു ചെയ്യാൻ ഹാജരായിട്ടുള്ള മുഴുവൻ പേർക്കും വോട്ട് ചെയ്യാൻ അവസരം നൽകും.

വോട്ടെടുപ്പ് അവസാനിക്കുമ്പോൾ ക്യൂവിൽ നിൽക്കുന്നവർക്കെല്ലാം വോട്ട് ചെയ്യാം വോട്ടെടുപ്പ് അവസാനിപ്പിക്കാൻ നിശ്ചയിച്ച സമയത്തിന് പോളിങ് സ്റ്റേഷനിൽ ക്യൂവിൽ നിൽക്കുന്ന എല്ലാവരെയും വോട്ട് ചെയ്യാൻ അനുവദിക്കും.

ഇവർക്ക് പ്രിസൈഡിങ് ഓഫീസർ ഒപ്പിട്ട സ്ലിപ്പ് നൽകും. ഏറ്റവും അവസാനത്തെ യാൾക്ക് ഒന്ന് എന്ന ക്രമത്തിലാണ് സ്ലിപ് നൽകുക. വോട്ടെടുപ്പ് അവസാനിപ്പിക്കുന്നതിനുള്ള സമയം കഴിഞ്ഞാലും ക്യൂവിലുള്ള സമ്മതിദായകർ എല്ലാവരും വോട്ട് ചെയ്തു കഴിയുന്നതു വരെ വോട്ടെടുപ്പ് തുടരും.

## പോൾ മാനേജർ

വോട്ടെടുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ പോളിംഗ് സ്റ്റേഷനുകളിൽ നിന്നും വേഗത്തിൽ ലഭ്യമാക്കാനാണ് പോൾ മാനേജർ മൊബൈൽ ആപ്പ് ഉപയോഗിക്കുന്നത്. വോട്ടെടുപ്പ് ദിവസവും അതിന്റെ തലേദിവസവുമാണ് പോൾ മാനേജർ ആപ്പ് ഉപയോഗിക്കുക. പ്രിസൈഡിംഗ് ഓഫീസർ, ഫസ്റ്റ് പോളിംഗ് ഓഫീസർ, സെക്ടറൽ ഓഫീസർ എന്നിവരാണ് ആപ്പ് ഉപയോഗിക്കുക.

വോട്ടിംഗ് യന്ത്രങ്ങളും പോളിംഗ് സാമഗ്രികളും ഏറ്റു വാങ്ങുന്നത് മുതൽ വോട്ടെടുപ്പ് കഴിഞ്ഞ് അവ തിരിച്ച് ഏൽപ്പിക്കുന്നത് വരെയുള്ള എല്ലാ വിവരങ്ങളും ആപ്പിൽ രേഖപ്പെടുത്തും. വോട്ടെടുപ്പ് ദിവസം കൃത്യമായ ഇടവേളകളിൽ എല്ലാ പോളിംഗ് സ്റ്റേഷനു കളിൽ നിന്നും വോട്ടിംഗ് ശതമാനം ആപ്പിലൂടെ ലഭിക്കും.

ഇതിലൂടെ പോളിംഗ് സ്റ്റേഷനിലേക്ക് നിയമിക്കപ്പെട്ട ഉദ്യോഗസ്ഥർ അവിടെ എത്തി, തിരിച്ചെത്തുന്നത് വരെയുള്ള വിവരങ്ങൾ തത്സമയം അറിയാനാകും.

വോട്ട് രേഖപ്പെടുത്തുന്നതിനുള്ള തിരിച്ചറിയൽ രേഖ

തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യുന്നതിനായി ചുവടെ പറയുന്ന രേഖകളിൽ ഏതെങ്കിലും ഹാജരാക്കേണ്ടതാണ്.

1. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള വോട്ടർ തിരിച്ചറിയൽ കാർഡ്
2. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള വോട്ടർ സ്ലിപ്പ്
3. പാസ്പോർട്ട്
4. ഡ്രൈവിംഗ് ലൈസൻസ്
5. പാൻകാർഡ്
6. ആധാർകാർഡ്
7. ഫോട്ടോ പതിച്ച എസ്.എസ്.എൽ.സി ബുക്ക്
8. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ്
9. ഏതെങ്കിലും ദേശസാൽക്കൃത ബാങ്കിൽ നിന്നും തിരഞ്ഞെടുപ്പ് തീയതിക്ക് ആറു മാസക്കാലയളവിന് മുൻപ് വരെ നൽകിയിട്ടുള്ള ഫോട്ടോ പതിച്ച പാസ് ബുക്ക്

ഇതിന് പുറമെ പ്രത്യേക ഉത്തരവിലൂടെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അംഗീകരിക്കുന്ന മറ്റേതെങ്കിലും തിരിച്ചറിയൽ രേഖ

## വോട്ടെണ്ണൽ

വോട്ടെണ്ണലിന് നിശ്ചയിച്ചിട്ടുള്ള ദിവസം രാവിലെ എട്ടിന് വോട്ടെണ്ണൽ ആരംഭിക്കും. ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് തിരഞ്ഞെടുപ്പുകളുടെ വോട്ടെണ്ണൽ ബ്ലോക്ക് പഞ്ചായത്ത് തലത്തിലുള്ള കൗണ്ടിംഗ് കേന്ദ്രത്തിലാണ് നടക്കുക. മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിലെ വോട്ടെണ്ണൽ അതാത് സ്ഥാപനങ്ങൾക്കായുള്ള വോട്ടെണ്ണൽ കേന്ദ്രത്തിൽ നടക്കും.

## കൗണ്ടിംഗ് ഏജന്റ്

ഒരു സ്ഥാനാർത്ഥിക്കോ അയാളുടെ തിരഞ്ഞെടുപ്പ് ഏജന്റിനോ വോട്ടെണ്ണൽ മേശയുടെ എണ്ണത്തിന് തുല്യമായ എണ്ണം ആളുകളെ കൗണ്ടിംഗ് ഏജന്റുമാരായി വരണാധികാരിക്ക് നോട്ടീസ് നൽകി നിയമിക്കാം.

## തിരഞ്ഞെടുപ്പ് ഫലപ്രഖ്യാപനം

വോട്ടെണ്ണൽ ഫലം വരണാധികാരിയാണ് പ്രഖ്യാപിക്കുക. ഓരോ വാർഡിലും ആദ്യം പോസ്റ്റൽ വോട്ട് എണ്ണും. അതിനെ തുടർന്ന് ഇ.വി.എം. ലെ ഫലം പരിശോധിക്കും. ഓരോ വാർഡിലെയും വോട്ടെണ്ണൽ പൂർത്തിയാകുന്ന മുറയ്ക്ക് ഫലം വരണാധികാരി പ്രഖ്യാപിക്കും.

## തിരഞ്ഞെടുപ്പ് ഫലം (TREND)

തിരഞ്ഞെടുപ്പ് ഫലം തിരഞ്ഞെടുപ്പ് കമ്മീഷന്റെ വെബ് സൈറ്റിലെ TREND-ൽ തത്സമയം അറിയാവുന്നതാണ്.

## അധ്യായം 14

## സ്ഥാനാർത്ഥികളുടെ തിരഞ്ഞെടുപ്പ് ചെലവ്

തിരഞ്ഞെടുപ്പ് ചെലവിനായി ഒരു സ്ഥാനാർത്ഥിക്ക് വിനിയോഗിക്കാവുന്ന പരമാവധി തുക ഗ്രാമപഞ്ചായത്തിൽ 25,000 രൂപയും, ബ്ളോക്ക് പഞ്ചായത്തിൽ 75,000 രൂപയും, ജില്ലാ പഞ്ചായത്തിൽ 1,50,000 രൂപയുമാണ്. മുനിസിപ്പാലിറ്റി തിരഞ്ഞെടുപ്പിൽ പരമാവധി 75,000 രൂപയും, കോർപ്പറേഷൻ തിരഞ്ഞെടുപ്പിൽ 1,50,000 രൂപയും വരെ ചെലവാക്കാം.

### തിരഞ്ഞെടുപ്പ് ചെലവ് കണക്ക്

മത്സരിച്ച എല്ലാ സ്ഥാനാർത്ഥികളും തിരഞ്ഞെടുപ്പ് ചെലവ് കണക്ക് അതത് തദ്ദേശസ്ഥാപന സെക്രട്ടറിമാർക്ക് സമർപ്പിക്കണം. ഫലപ്രഖ്യാപന തീയതി മുതൽ 30 ദിവസത്തിനകമാണ് ചെലവ് കണക്ക് നൽകേണ്ടത്. www.sec.kerala.gov.in സൈറ്റിൽ Election Expenditure module - ൽ സ്ഥാനാർത്ഥികൾ Log in ചെയ്തു ഓൺലൈനായും കണക്ക് സമർപ്പിക്കാം.

സ്ഥാനാർത്ഥിയോ, തിരഞ്ഞെടുപ്പ് ഏജന്റോ സ്ഥാനാർത്ഥിക്ക് വേണ്ടി മറ്റാരെങ്കിലുമോ ചെലവാക്കിയ തുക കണക്കിൽപ്പെടുത്തണം. സ്ഥാനാർത്ഥിയായി നാമനിർദ്ദേശം ചെയ്യപ്പെട്ട ദിവസം മുതൽ ഫലപ്രഖ്യാപനദിവസം വരെയുള്ള ചെലവ് കണക്കാണ് നൽകേണ്ടത്. കണക്കിനൊപ്പം രസീത്, വൗച്ചർ, ബില്ല് എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സമർപ്പിക്കണം. അവയുടെ ഒറിജിനൽ സ്ഥാനാർത്ഥി സൂക്ഷിക്കുകയും ആവശ്യപ്പെടുന്ന പക്ഷം പരിശോധനയ്ക്കായി നൽകുകയും വേണം.

തിരഞ്ഞെടുപ്പ് ചെലവ് കണക്ക് നൽകുന്നതിൽ വീഴ്ച വരുത്തുന്നവരെ കമ്മീഷൻ അഞ്ച് വർഷത്തേക്ക് തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനോ അംഗമായി തുടരുന്നതിനോ അയോഗ്യനാക്കും. ഉത്തരവ് തീയതി മുതൽ 5 വർഷത്തേക്കാണ് അയോഗ്യത വരിക. നിശ്ചിത പരിധിയിൽ കൂടുതൽ തുക ചെലവാക്കിയാലും തെറ്റായ വിവരമാണ് നൽകിയതെന്ന് ബോദ്ധ്യപ്പെട്ടാലും കമ്മീഷൻ അവരെ അയോഗ്യരാക്കും.

## അധ്യായം 15

## തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ

പൊതുതിരഞ്ഞെടുപ്പിന് ശേഷം ആദ്യയോഗം വിളിച്ചു കൂട്ടുന്നതിനായി തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽ പ്രായം കൂടിയ ആളിനെ സർക്കാർ ചുമതലപ്പെടുത്തും. ആദ്യയോഗം വിളിക്കുന്നതിന് ചുമതലപ്പെടുത്തിയ പ്രായം കൂടിയ അംഗം സർക്കാർ നാമ നിർദേശം ചെയ്യുന്ന ഉദ്യോഗസ്ഥൻ മുമ്പാകെ വേണം ആദ്യം സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ ചെയ്യേണ്ടത്. ആദ്യം സത്യപ്രതിജ്ഞ ചെയ്ത അംഗം യോഗം വിളിച്ച് മറ്റ് അംഗങ്ങളെ പ്രതിജ്ഞ ചെയ്യിക്കണം. തിരഞ്ഞെടുക്കപ്പെട്ട എല്ലാ അംഗങ്ങൾക്കും നിശ്ചയിച്ചിട്ടുള്ള തീയതിയിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ സത്യപ്രതിജ്ഞാ ചടങ്ങിന് സംബന്ധിക്കണമെന്നാവശ്യപ്പെട്ട് രേഖാമൂലം അറിയിപ്പ് നൽകും.

പ്രതിജ്ഞയ്ക്ക് ശേഷം ബന്ധപ്പെട്ട ഫോറങ്ങളിൽ ഒപ്പിട്ട് നൽകണം. സത്യപ്രതിജ്ഞാ രജിസ്റ്ററിലും കക്ഷിബന്ധ രജിസ്റ്ററിലും ഒപ്പു വെയ്ക്കണം.

സത്യപ്രതിജ്ഞാ ചടങ്ങ് കഴിഞ്ഞാലുടൻ തിരഞ്ഞെടുക്കപ്പെട്ട എല്ലാ അംഗങ്ങളുടെയും യോഗം ആദ്യം സത്യപ്രതിജ്ഞ ചെയ്ത അംഗത്തിന്റെ അദ്ധ്യക്ഷതയിൽ ചേരും. യോഗത്തിൽ അധ്യക്ഷൻ , ഉപാധ്യക്ഷൻ സ്ഥാനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പ് സംബന്ധിച്ച കമ്മീഷന്റെ അറിയിപ്പ് സെക്രട്ടറി വായിക്കും. കമ്മീഷൻ നിശ്ചയിച്ച തിരഞ്ഞെടുപ്പിന്റെ തീയതിയും സമയവും കാണിച്ചുള്ള നോട്ടീസ് യോഗത്തിൽ തന്നെ ബന്ധപ്പെട്ട വരണാധികാരി അംഗങ്ങൾക്ക് നൽകും.

സത്യപ്രതിജ്ഞ ചടങ്ങിന്റെ ക്രമീകരണത്തിന്റെ ചുമതല അതത് തദ്ദേശസ്ഥാപന സെക്രട്ടറിമാരുടെ ചുമതലയാണ്. കക്ഷിബന്ധ രജിസ്റ്ററും , സത്യപ്രതിജ്ഞാ രജിസ്റ്ററും തയ്യാറാക്കി സൂക്ഷിക്കുന്നത് അതത് തദ്ദേശസ്ഥാപന സെക്രട്ടറിമാരാണ്.

സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റെടുക്കാത്ത അംഗങ്ങൾക്ക് അധ്യക്ഷൻ, ഉപാധ്യക്ഷൻ തിരഞ്ഞെടുപ്പു യോഗത്തിൽ പങ്കെടുക്കാനോ വോട്ട് രേഖപ്പെടുത്താനോ കഴിയില്ല. സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റെടുക്കാത്ത അംഗങ്ങൾ തിരഞ്ഞെടുക്കപ്പെടുന്ന തീയതി മുതൽ 30 ദിവസത്തിനകം അധ്യക്ഷൻ മുൻപാകെ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റില്ലെങ്കിൽ അവരുടെ അംഗത്വം നഷ്ടപ്പെടും. കാരണങ്ങളില്ലാതെ സത്യപ്രതിജ്ഞ ചെയ്ത് സ്ഥാനമേൽക്കാത്ത പക്ഷം സ്ഥാനം സ്വമേധയാ ഒഴിഞ്ഞതായി കമ്മീഷൻ പ്രഖ്യാപിക്കും.

## അധ്യായം 16

## അധ്യക്ഷൻ, ഉപാധ്യക്ഷൻ, ചെയർമാൻ തിരഞ്ഞെടുപ്പ്

### അധ്യക്ഷൻ, ഉപാധ്യക്ഷൻ തിരഞ്ഞെടുപ്പ്

അധ്യക്ഷൻ, ഉപാധ്യക്ഷൻ തിരഞ്ഞെടുപ്പ് തീയതിയും സമയവും കമ്മീഷൻ നിശ്ചയിച്ച് നൽകും. ഇതിനായി വരണാധികാരിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സ്ഥാനാർത്ഥിയെ ഒരാൾ നാമനിർദ്ദേശം ചെയ്യേണ്ടതും മറ്റൊരാൾ പിന്താങ്ങേണ്ടതുമാണ്. നാമ നിർദ്ദേശം ചെയ്യപ്പെട്ടയാൾ യോഗത്തിൽ ഹാജരായിട്ടില്ലെങ്കിൽ സ്ഥാനാർത്ഥിയാകുന്നതിനുള്ള അയാളുടെ സമ്മതപത്രം ഹാജരാക്കണം. ഒരാൾ ഒന്നിൽ കൂടുതൽ പേരുകൾ നിർദ്ദേശിക്കാനോ, ഒന്നിലധികം പേരെ പിന്താങ്ങുവാനോ പാടില്ല. സംവരണം ചെയ്തിട്ടുള്ള സ്ഥാനങ്ങളിൽ മത്സരിക്കുന്ന ഒരംഗത്തിനെ മറ്റൊരാൾ നാമനിർദ്ദേശം ചെയ്യുകയോ പിന്താങ്ങുകയോ വേണ്ട.

അധ്യക്ഷൻ, ഉപാധ്യക്ഷൻ തിരഞ്ഞെടുപ്പ് ഓപ്പൺ ബാലറ്റ് മുഖേന ആയിരിക്കും. വോട്ട് രേഖപ്പെടുത്തുന്ന അംഗം ബാലറ്റ് പേപ്പറിന്റെ പുറകുവശത്ത് പേരും ഒപ്പും രേഖപ്പെടുത്തണം. ഏതെങ്കിലും സ്ഥാനത്തേക്ക് ഒരാൾ മാത്രമേ മത്സരിക്കുന്നുള്ളൂവെങ്കിൽ വോട്ടെടുപ്പ് നടത്താതെ അയാൾ തിരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കും.

തിരഞ്ഞെടുപ്പ് യോഗത്തിന്റെ ക്വാറം ബന്ധപ്പെട്ട സ്ഥാപനത്തിലെ അംഗങ്ങളുടെ പകുതിയെങ്കിലും എണ്ണം ആയിരിക്കും. ക്വാറം തികയാത്ത പക്ഷം യോഗം അടുത്ത പ്രവൃത്തി ദിവസത്തേക്ക് മാറ്റും. അപ്രകാരം മാറ്റിയ ദിവസം അതേ സ്ഥലത്തും സമയത്തും കൂടുന്ന യോഗത്തിൽ ക്വാറമില്ലെങ്കിലും തിരഞ്ഞെടുപ്പ് നടത്തും.

രണ്ട് സ്ഥാനാർത്ഥികൾ മാത്രമുള്ളപ്പോൾ കൂടുതൽ സാധുവായ വോട്ടുകൾനേടിയ ആൾ തിരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കും. രണ്ടു പേർക്കും തുല്യ വോട്ടാണെങ്കിൽ , നറുക്കെടുപ്പ് നടത്തും. നറുക്കെടുക്കപ്പെടുന്നയാൾ തിരഞ്ഞെടുക്കപ്പെടും.

രണ്ടിലധികം പേർ മത്സരിക്കുമ്പോൾ വോട്ടെടുപ്പിൽ ഒരു സ്ഥാനാർത്ഥിക്ക് മറ്റ് എല്ലാ സ്ഥാനാർത്ഥികൾക്കും കൂടി കിട്ടിയ ആകെ സാധുവായ വോട്ടിനെക്കാൾ കൂടുതൽ ലഭിച്ചാൽ അയാൾ തിരഞ്ഞെടുക്കപ്പെടും. എന്നാൽ, അപ്രകാരം ഒരു സ്ഥാനാർത്ഥിക്കും വോട്ട് ലഭിക്കാതിരുന്നാൽ ഏറ്റവും കുറച്ച് വോട്ട് ലഭിച്ച സ്ഥാനാർത്ഥിയെ തിരഞ്ഞെടുപ്പിൽ നിന്നും ഒഴിവാക്കി വീണ്ടും വോട്ടെടുപ്പ് നടത്തും. ഒരു സ്ഥാനാർത്ഥിക്ക് മറ്റെല്ലാവർക്കും കൂടി ആകെ ലഭിക്കുന്ന വോട്ടിനേക്കാൾ അധികം ലഭിക്കുന്നത് വരെ ഈ പ്രക്രിയ തുടരും.

എന്നാൽ, മൂന്നോ അതിലധികമോ സ്ഥാനാർത്ഥികൾ ഉണ്ടായിരിക്കുകയും അതിൽ ഏറ്റവും കുറവ് വോട്ട് രണ്ടോ അതിലധികമോ പേർക്ക് തുല്യമായി ലഭിക്കുകയും ചെയ്താൽ നറുക്കെടുപ്പ് നടത്തി നറുക്കെടുക്കപ്പെടുന്ന ആളിനെ ഒഴിവാക്കി തിരഞ്ഞെടുപ്പ് തുടരും. അതുപോലെ മൂന്നോ അതിലധികമോ സ്ഥാനാർത്ഥികൾക്ക് തുല്യവോട്ട് ലഭിക്കുന്നുവെങ്കിൽ ഇതേ രീതിയിൽ ഒരാളെ നറുക്കെടുപ്പിലൂടെ ഒഴിവാക്കി വോട്ടെടുപ്പ് തുടരും.

ഒന്നിലധികം ഘട്ടങ്ങളിലായി വോട്ടെടുപ്പ് നടത്തുമ്പോൾ ഒരോ ഘട്ടത്തിലും വ്യത്യസ്ത നിറത്തിലുള്ള ബാലറ്റ് പേപ്പറുകളായിരിക്കും ഉപയോഗിക്കുക.

തിരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ചു കഴിഞ്ഞാൽ, മേയർ, ചെയർമാൻ, പ്രസിഡന്റ് എന്നിവർ വരണാധികാരി മുൻപാകെ സത്യപ്രതിജ്ഞ ചെയ്യും. ഡപ്യൂട്ടി മേയർ, മേയർ മുൻപാകെയും, വൈസ് ചെയർമാൻ, ചെയർമാൻ മുൻപാകെയും, വൈസ് പ്രസിഡന്റ്, പ്രസിഡന്റ് മുൻപാകയും സത്യപ്രതിജ്ഞ ചെയ്യും.

**അധ്യക്ഷൻ / ഉപാധ്യക്ഷൻ , സ്റ്റാന്റിംഗ് കമ്മിറ്റി അംഗം / ചെയർമാൻ തിരഞ്ഞെടുപ്പ്**

| **തദ്ദേശസ്ഥാപനം** | **റിട്ടേണിംഗ് ഓഫീസർ** (അധ്യക്ഷൻ / ഉപാധ്യക്ഷൻ തിരഞ്ഞെടുപ്പ്) | **റിട്ടേണിംഗ് ഓഫീസർ** (സ്റ്റാന്റിംഗ് കമ്മിറ്റി അംഗം / ചെയർമാൻ തിരഞ്ഞെടുപ്പ്) |
|---|---|---|
| ഗ്രാമപഞ്ചായത്ത് | പൊതുതിരഞ്ഞെടുപ്പിന്റെ അതേ ആർ.ഒ | പൊതുതിരഞ്ഞെടുപ്പിന്റെ അതേ ആർ.ഒ. |
| ബ്ലോക്ക് പഞ്ചായത്ത് | പൊതുതിരഞ്ഞെടുപ്പിന്റെ അതേ ആർ.ഒ | പൊതുതിരഞ്ഞെടുപ്പിന്റെ അതേ ആർ.ഒ. |
| ജില്ലാപഞ്ചായത്ത് | ജില്ലാ കളക്ടർ | എ.ഡി.എം./ഡെപ്യൂട്ടി കളക്ടർ (ജനറൽ) |
| മുനിസിപ്പാലിറ്റി | സ്ഥാനനിർദ്ദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻ | അധ്യക്ഷൻ / ഉപാധ്യക്ഷൻ തിരഞ്ഞെടുപ്പിന്റെ ആർ.ഒ. |
| കോർപ്പറേഷൻ | ജില്ലാ കളക്ടർ | എ.ഡി.എം./ഡെപ്യൂട്ടി കളക്ടർ (ജനറൽ) |

## അധ്യായം 17

## സ്റ്റാന്റിംഗ് കമ്മിറ്റി

തദ്ദേശസ്ഥാപനങ്ങളിലെ എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളിലെയും ഒരു സീറ്റ് സ്ത്രീ സംവരണമാണ്. സ്റ്റാന്റിംഗ് കമ്മിറ്റികളിൽ പട്ടികജാതി , പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സംവരണത്തിന് വ്യവസ്ഥയില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർമാൻ അതത് തദ്ദേശസ്ഥാപനത്തിന്റെ ഉപാധ്യക്ഷനാണ്. ഉപാദ്ധ്യക്ഷസ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്ത ഗ്രാമ പഞ്ചായത്തിലും ബ്ളോക്ക് പഞ്ചായത്തിലും ധനകാര്യം ഒഴികെയുള്ള ഒരു സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും, ജില്ലാ പഞ്ചായത്തിൽ ധനകാര്യം ഒഴികെയുള്ള രണ്ട് സ്റ്റാന്റിംഗ് കമ്മിറ്റി കളുടെയും, മുനിസിപ്പാലിറ്റികളിൽ ധനകാര്യം ഒഴികെയുള്ള രണ്ട് കമ്മിറ്റികളുടെയും, കോർപ്പ റേഷനുകളിൽ ധനകാര്യം ഒഴികെയുള്ള മൂന്ന് സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ചെയർമാൻ സ്ഥാനങ്ങൾ സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുണ്ട്.

ഉപാദ്ധ്യക്ഷസ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടില്ലാത്ത ഗ്രാമപഞ്ചാ യത്തിലും ബ്ലോക്ക് പഞ്ചായത്തിലും ധനകാര്യം ഒഴികെയുള്ള രണ്ട് സ്റ്റാന്റിംഗ് കമ്മിറ്റികള ുടെയും, ജില്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ധനകാര്യം ഒഴികെയുള്ള മൂന്ന് സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും, കോർപ്പറേഷനുകളിൽ നാല് സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ചെയർമാൻ സ്ഥാനങ്ങൾ സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുണ്ട്.

### സ്റ്റാന്റിംഗ് കമ്മിറ്റി അംഗം/ചെയർമാൻ തിരഞ്ഞെടുപ്പ

സ്റ്റാന്റിംഗ് കമ്മിറ്റി അംഗം/ചെയർമാൻ തിരഞ്ഞെടുപ്പിന് വരണാധികാരികളെ കമ്മീഷൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെ തിരഞ്ഞെടുപ്പിന് ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിലെ മുഴുവൻ അംഗങ്ങളുടെയും/കൗൺസിലർമാരുടെയും യോഗം വരണാധികാരി വിളിച്ച് ചേർക്കും. എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളിലെയും സ്ത്രീ സംവരണ സ്ഥാന ത്തേയ്ക്കാണ് ആദ്യം തിരഞ്ഞെടുപ്പ് നടത്തുക. അവ പൂർത്തിയായതിന് ശേഷം മറ്റ് അംഗങ്ങളുടെ തിരഞ്ഞെടുപ്പ് പൂർത്തിയാക്കും.

സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ തിരഞ്ഞെടുപ്പിന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെ യോഗം വരണാധികാരി പ്രത്യേകം വിളിച്ച് ചേർക്കും. സംവരണ മാനദണ്ഡം പാലിച്ചായിരിക്കും തിരഞ്ഞെടുപ്പ്.

## അധ്യായം 18

## അധ്യക്ഷൻ/ഉപാധ്യക്ഷൻ/സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എന്നിവർക്കെതി രെയുള്ള അവിശ്വാസപ്രമേയം

അധ്യക്ഷൻ, ഉപാധ്യക്ഷൻ, ധനകാര്യം ഒഴികെയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എന്നിവർക്കെതിരെയുള്ള അവിശ്വാസ പ്രമേയ നോട്ടിസ് സ്വീകരിക്കുന്നതിനും തുടർ നടപടി സ്വീകരിക്കുന്നതിനും താഴെ പറയുന്നവരെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

| തദ്ദേശസ്ഥാപനം | അധികാരപ്പെട്ട ഉദ്യോഗസ്ഥൻ |
|---|---|
| ഗ്രാമപഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| ബ്ലോക്ക് പഞ്ചായത്ത് | ജില്ലാപഞ്ചായത്ത് സെക്രട്ടറി |
| ജില്ലാപഞ്ചായത്ത് | ജില്ലാ കളക്ടർ |
| മുനിസിപ്പാലിറ്റി | തദ്ദേശസ്വയംഭരണവകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ |
| കോർപ്പറേഷൻ | ജില്ലാ കളക്ടർ |

(എ) അധ്യക്ഷൻ/ ഉപാധ്യക്ഷൻ എന്നിവർക്കെതിരെയുള്ള അവിശ്വാസം

- അവിശ്വാസ പ്രമേയ നോട്ടീസ് നിശ്ചിത ഫാറത്തിൽ വേണം. ആകെയുള്ള അംഗ സംഖ്യയുടെ മൂന്നിലൊന്നിൽ കുറയാത്ത അംഗങ്ങൾ ഒപ്പിട്ടതുമായിരിക്കണം.
- ഒപ്പിട്ടിട്ടുള്ള ഏതെങ്കിലും അംഗമായിരിക്കണം അവിശ്വാസ പ്രമേയ നോട്ടീസ് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് നൽകേണ്ടത്.
- അവിശ്വാസ പ്രമേയ നോട്ടീസിനോടൊപ്പം പ്രമേയത്തിന്റെ പകർപ്പും വേണം.
- പഞ്ചായത്തുകളെ സംബന്ധിച്ച് പ്രമേയം ചർച്ച ചെയ്യുന്നതിനുള്ള യോഗം 15 പ്രവൃത്തി ദിവസത്തിനുള്ളിലും മുനിസിപ്പാലിറ്റി കോർപ്പറേഷനുകളെ സംബന്ധിച്ച് 15 കലണ്ടർ ദിവസത്തിനുള്ളിലും അംഗങ്ങളുടെ യോഗം വിളിച്ചു ചേർക്കും.
- യോഗം തദ്ദേശസ്ഥാപന ഓഫീസിൽ വച്ച് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ അധ്യക്ഷതയിൽ നടത്തും.
- തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ എണ്ണത്തിന്റെ പകുതിയാണ് യോഗത്തിന്റെ ക്വാറം.
- പ്രമേയത്തിന്മേലുള്ള ചർച്ച പഞ്ചായത്തുകളിൽ മൂന്ന് മണിക്കൂറിനകവും മുനിസിപ്പാലിറ്റി കോർപ്പറേഷനുകളിൽ 4 മണിക്കൂറിനകവും അവസാനിപ്പിക്കും.
- വോട്ടെടുപ്പ് ഓപ്പൺ ബാലറ്റിലൂടെയാണ്. ആകെ അംഗസംഖ്യയുടെ പകുതിയിൽ കൂടുതൽ അംഗങ്ങൾ അനുകൂലിക്കുകയാണെങ്കിൽ പ്രമേയം പാസാകും.

(ബി) സ്റ്റാന്റിംഗ് കമ്മിറ്റി (ധനകാര്യം ഒഴികെ) ചെയർമാനെതിരെയുള്ള അവിശ്വാസം

- അവിശ്വാസ പ്രമേയ നോട്ടീസ് നിശ്ചിത ഫാറത്തിലുള്ളതും സ്റ്റാന്റിംഗ് കമ്മിറ്റിയിലെ ആകെയുള്ള അംഗസംഖ്യയുടെ മൂന്നിലൊന്നിൽ കുറയാത്ത അംഗങ്ങൾ ഒപ്പിട്ടതുമായിരിക്കണം.
- നോട്ടീസ് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ വേണം സ്വീകരിക്കേണ്ടത്.
- ഒപ്പിട്ടിട്ടുള്ള ഏതെങ്കിലും അംഗമായിരിക്കണം അവിശ്വാസ പ്രമേയ നോട്ടീസ് നൽകേണ്ടത്.
- അവിശ്വാസ പ്രമേയ നോട്ടീസിനോടൊപ്പം പ്രമേയത്തിന്റെ പകർപ്പും വേണം.
- നോട്ടീസ് കൈപ്പറ്റി 15 പ്രവൃത്തി ദിവസത്തിനുള്ളിൽ അധികാരപ്പെടുത്തിയ ഉദ്യോ ഗസ്ഥൻ യോഗം വിളിച്ച് ചേർക്കണം
- സ്റ്റാന്റിംഗ് കമ്മിറ്റിയിലെ അംഗസംഖ്യയും അംഗങ്ങളുടെ വിവരവും ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും ശേഖരിക്കണം
- യോഗനോട്ടീസ് കുറഞ്ഞത് 7 ദിവസങ്ങൾക്ക് മുമ്പ് അംഗങ്ങൾക്ക് രജിസ്റ്റേർഡ് തപാലിലൂടെ നൽകണം.
- യോഗം തദ്ദേശസ്വയംഭരണ സ്ഥാപന ഓഫീസിൽ വച്ചാണ് നടത്തേണ്ടത്. യോ ഗത്തിൽ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ അധ്യക്ഷനായിരിക്കണം.
- തിരഞ്ഞെടുക്കപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെ എണ്ണത്തിന്റെ പകുതിയാണ് യോഗത്തിന്റെ ക്വാറം.
- മനുഷ്യനിയന്ത്രണത്തിന് അതീതമായ കാരണങ്ങൾകൊണ്ടല്ലാതെ യോഗം മാറ്റി വെക്കാൻ പാടില്ല.
- പ്രമേയത്തിന്മേലുള്ള ചർച്ച ഒരു മണിക്കൂറിനകം നിർത്തേണ്ടതാണ്.
- വോട്ടെടുപ്പ് ഓപ്പൺ ബാലറ്റിലൂടെയാണ്. അംഗങ്ങൾ ബാലറ്റിന്റെ മറുപുറത്ത് പേര് എഴുതി ഒപ്പിടണം
- സ്റ്റാന്റിംഗ് കമ്മിറ്റിയിലെ ആകെ അംഗസംഖ്യയുടെ പകുതിയിൽ കൂടുതൽ അംഗങ്ങൾ അനുകൂലിക്കുകയാണെങ്കിൽ പ്രമേയം പാസാകും.
- ഫലപ്രഖ്യാപനം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ നടത്തേണ്ടതും കമ്മീഷനെ അറിയിക്കേണ്ടതുമാണ്.
- മിനിട്ട്സ്, ഹാജർ, ഉപയോഗിച്ച ബാലറ്റ് പേപ്പറുകൾ മുതലായ മുഴുവൻ രേഖകളും അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ സൂക്ഷിക്കേണ്ടതാണ്.

# വിവിധ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരും ചുമതലകളും

| | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് | മുനിസി പ്പാലിറ്റി | മുനിസിപ്പൽ കോർപ്പറേഷൻ |
|---|---|---|---|---|---|
| വോട്ടർപട്ടിക-ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | - | - | മുനിസിപ്പൽ സെക്രട്ടറി | കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി |
| പൊതു തിരഞ്ഞെടുപ്പ് വരണാധികാരി | സ്ഥാന നിർദ്ദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻ | സ്ഥാന നിർദ്ദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻ | ജില്ലാകളക്ടർ | സ്ഥാന നിർദ്ദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻ | സ്ഥാന നിർദ്ദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻ |
| പൊതു തിരഞ്ഞെടുപ്പ് ഉപവരണാ ധികാരി | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | 1. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി 2. ഗ്രാമ പഞ്ചായത്ത് വരണാധികാരി | 1. എഡിഎം / ഡെപ്യൂട്ടി കളക്ടർ (ജനറൽ) 2. ജില്ലാ പഞ്ചായത്ത് സെക്രട്ടറി 3. ബ്ലോക്ക് പഞ്ചായത്ത് വരണാധികാരി 4. ഗ്രാമ പഞ്ചായത്ത് വരണാധികാരി 5. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | സ്ഥാന നിർദ്ദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻ | സ്ഥാന നിർദ്ദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻ |
| അധ്യക്ഷൻ / ഉപാദ്ധ്യക്ഷൻ തിരഞ്ഞെടുപ്പ് * വരണാധികാരി | പൊതു തിരഞ്ഞെടുപ്പ് വരണാധികാരി | പൊതു തിരഞ്ഞെടുപ്പ് വരണാധികാരി | ജില്ലാകളക്ടർ | സ്ഥാന നിർദ്ദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻ | ജില്ലാകളക്ടർ |

| | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് | മുനിസിപ്പാലിറ്റി | മുനിസിപ്പൽ കോർപ്പറേഷൻ |
|---|---|---|---|---|---|
| സ്റ്റാന്റിംഗ് കമ്മിറ്റി അംഗം / സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ തിരഞ്ഞെടുപ്പ് * വരണാധികാരി | പൊതു തിരഞ്ഞെടുപ്പ് വരണാധികാരി | പൊതു തിരഞ്ഞെടുപ്പ് വരണാധികാരി | എഡിഎം / ഡെപ്യൂട്ടി കളക്ടർ (ജനറൽ) | അദ്ധ്യക്ഷൻ / ഉപാദ്ധ്യക്ഷൻ തിരഞ്ഞെടുപ്പിന്റെ വരണാധികാരി | എഡിഎം / ഡെപ്യൂട്ടി കളക്ടർ (ജനറൽ) |
| അധ്യക്ഷൻ / ഉപാധ്യക്ഷൻ അവിശ്വാസ പ്രമേയം -അധികാരപ്പെട്ട ഉദ്യോഗസ്ഥൻ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | ജില്ലാ പഞ്ചായത്ത് സെക്രട്ടറി | ജില്ലാകളക്ടർ | തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ | ജില്ലാകളക്ടർ |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ അവിശ്വാസ പ്രമേയം അധികാരപ്പെട്ട ഉദ്യോഗസ്ഥൻ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | ജില്ലാ പഞ്ചായത്ത് സെക്രട്ടറി | ജില്ലാകളക്ടർ | തദ്ദേശസ്വയം ഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ | ജില്ലാകളക്ടർ |
| തിരഞ്ഞെടുപ്പ് ചെലവ് കണക്ക് സമർപ്പിക്കേണ്ടത്- അധികാരപ്പെട്ട ഉദ്യോഗസ്ഥൻ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | ജില്ലാ പഞ്ചായത്ത് സെക്രട്ടറി | മുനിസിപ്പൽ സെക്രട്ടറി | കോർപ്പറേഷൻ സെക്രട്ടറി |

| | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് | മുനിസി പ്പാലിറ്റി | മുനിസിപ്പൽ കോർപ്പറേഷൻ |
|---|---|---|---|---|---|
| വോട്ടർ പട്ടിക സംബന്ധിച്ച അപ്പീൽ അധികാരി (സമ്മതിദായ കരുടെ രജിസ്ട്രേഷൻ ചട്ടങ്ങൾ 18,19,20) | തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ | - | - | തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ | തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ |
| വോട്ടർ പട്ടിക സംബന്ധിച്ച അപ്പീൽ അധികാരി (KPR Act Sn.23, 24 & KM Act Sn.79, 80) | ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ | - | - | ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ | ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ |
| അംഗങ്ങളുടെ/ കൗൺസിലർ മാരുടെ സ്വത്തുവിവരം അധികാര പ്പെടുത്തിയ ഉദ്യോഗസ്ഥൻ | തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ | തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ | തദ്ദേശ സ്വയംഭരണ വകുപ്പ് ഡയ റക്ടർ (റൂറൽ) | തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ (അർബൻ) | തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ (അർബൻ) |

**അധ്യക്ഷൻ, ഉപാധ്യക്ഷൻ, സ്റ്റാന്റിംഗ് കമ്മിറ്റി അംഗം, ചെയർമാൻ തിരഞ്ഞെടുപ്പുകൾക്ക് ഉപവരണാധികാരി ഇല്ല.**

# മറ്റ് പ്രധാന വിവരങ്ങൾ

## മുൻ തിരഞ്ഞെടുപ്പുകളിലെ വിവരങ്ങൾ

| തിരഞ്ഞെടുപ്പുവർഷം / തദ്ദേശസ്ഥാപനം (വാർഡുകളുടെ എണ്ണം) | ഗ്രാമപഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാപഞ്ചായത്ത് | മുനിസിപ്പാലിറ്റി | കോർപ്പറേഷൻ | ആകെ | വോട്ടർമാർ |
|---|---|---|---|---|---|---|---|
| 1995 | 990 (10720) | 152 (1543) | 14 (288) | 55 (1432) | 3 (179) | 1214 (14162) | 2,05,08,855 |
| 2000 | 991 (13255) | 152 (1638) | 14 (307) | 53 (1597) | 5 (298) | 1215 (17095) | 2,25,04,328 |
| 2005 | 999 (16139) | 152 (2007) | 14 (339) | 53 (1756) | 5 (316) | 1223 (20557) | 2,37,05,440 |
| 2010 | 978 (16680) | 152 (2095) | 14 (332) | 60 (2216) | 5 (359) | 1209 (21682) | 2,40,12,535 |
| 2015 | 941 (15962) | 152 (2080) | 14 (331) | 87 (3113) | 6 (414) | 1200 (21900) | 2,51,08,993 |
| 2020 | 941 (15962) | 152 (2080) | 14 (331) | 87 (3113) | 6 (414) | 1200 (21900) | 2,76,59,072 |
| 2025 | 941 (17337) | 152 (2267) | 14 (346) | 87 (3241) | 6 (421) | 1200 (23612) | 2,84,30,761 |

# പോളിങ് ശതമാനം മുൻവർഷങ്ങളിൽ

## പോളിംഗ് ശതമാനം

| | 1995 | 2000 | 2005 | 2010 | 2015 | 2020 |
|---|---|---|---|---|---|---|
| സ്ഥാനാർത്ഥികളുടെ എണ്ണം | 58702 | 60307 | 64159 | 70915 | 75549 | 74835 |
| പോളിംഗ് സ്റ്റേഷനുകളുടെ എണ്ണം | 28282 | 28274 | 36210 | 37233 | 34423 | 34710 |
| വോട്ടർമാരുടെ എണ്ണം | 20508855 | 22504328 | 23705440 | 24012535 | 25108536 | 27656910 |
| പോൾ ചെയ്ത വോട്ടുകൾ | 15074169 | 14873110 | 16984236 | 18326367 | 19524397 | 21005743 |
| വോട്ടിംഗ് ശതമാനം | 73.5 | 66.09 | 70.35 | 76.32 | 77.76 | 75.95 |

## പോളിംഗ് ശതമാനം

| ജില്ല | 2020 | | | 2015 | | |
|---|---|---|---|---|---|---|
| | പഞ്ചായത്ത് | മുനിസിപ്പാലിറ്റി | കോർപ്പറേഷൻ | പഞ്ചായത്ത് | മുനിസിപ്പാലിറ്റി | കോർപ്പറേഷൻ |
| തിരുവനന്തപുരം | 74.12 | 72.68 | 59.96 | 76.22 | 76.47 | 62.90 |
| കൊല്ലം | 74.69 | 74.44 | 66.22 | 77.42 | 77.34 | 69.90 |
| പത്തനംതിട്ട | 69.7 | 69.83 | | 72.89 | 72.14 | |
| ആലപ്പുഴ | 78.06 | 74.04 | | 81.38 | 77.95 | |
| കോട്ടയം | 74.5 | 73.33 | | 78.79 | 77.77 | |
| ഇടുക്കി | 74.33 | 78.67 | | 78.07 | 81.26 | |
| എറണാകുളം | 81.01 | 75.56 | 62.04 | 84.60 | 81.38 | 69.62 |
| തൃശൂർ | 76.34 | 76.39 | 64.71 | 78.78 | 78.95 | 71.88 |
| പാലക്കാട് | 78.82 | 73.53 | | 80.93 | 76.77 | |
| മലപ്പുറം | 78.87 | 79.08 | | 79.97 | 79.44 | |
| കോഴിക്കോട് | 81.28 | 80.42 | 70.46 | 83.06 | 82.48 | 74.70 |
| വയനാട് | 79.46 | 79.48 | | 82.42 | 80.63 | |
| കണ്ണൂർ | 79.5 | 69.76 | 72.48 | 81.83 | 80.16 | 74.75 |
| കാസർകോട് | 77.3 | 76.87 | | 78.69 | 76.49 | |
| **ശരാശരി** | **77.3** | **75.63** | **64.55** | **79.65** | **78.51** | **70.62** |

# സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഓഫീസ്

## ടെലിഫോൺ ഡയറക്ടറി

| | | |
|---|---|---|
| കമ്മീഷണറുടെ പ്രൈവറ്റ് സെക്രട്ടറി | ആർ. മണികണ്ഠൻ | 8281000129 |
| സെക്രട്ടറി | ബി. എസ്. പ്രകാശ് | 8281000120 |
| സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | ഗീത. ജെ. ആർ | 8281000121 |
| അഡീഷണൽ സെക്രട്ടറി | ശ്രീകല. സി. എസ് | 8281000128 |
| ലോ ഓഫീസർ | പ്രീതി ആർ നായർ | 8281000122 |
| സീനിയർ ഫിനാൻസ് മാനേജർ | റീന വർഗീസ് | 8281000124 |
| ജോയിന്റ് സെക്രട്ടറി I | സുരേഷ് കുമാർ എ | 8281000126 |
| ജോയിന്റ് സെക്രട്ടറി II | അനിൽ ജോണി | 8281000119 |
| ജോയിന്റ്സെക്രട്ടറി (എൽഎസ്ജിഡി) | ജയിംസ് പി. ജെ | 8281000125 |
| ജോയിന്റ് സെക്രട്ടറി (എം) | പ്രദീപ്കുമാർ ആർ | 8281000131 |
| കൺസൾറ്റന്റ് | ഷാജഹാൻ എം | 8281000137 |
| ലീഗൽ കൺസൾട്ടന്റ് | വി. ഷാജിമോൻ | 9496102024 |
| പബ്ലിക് റിലേഷൻസ് ഓഫീസർ | കെ. എം. അയ്യപ്പൻ | 8281000127 |
| സെക്ഷൻ ഓഫീസർ (എ) | രഞ്ജിത് ആർ. ആർ | 0471 2325048 |
| സെക്ഷൻ ഓഫീസർ (ബി) | സരീഷ് കെ | 8281000130 |
| സെക്ഷൻ ഓഫീസർ (സി) | അനിൽകുമാർ എസ് | 9447067274 |

## ജില്ലാകളക്ടർ

| ജില്ല | പേര് | ഫോൺ |
|---|---|---|
| തിരുവനന്തപുരം | അനുകുമാരി IAS | 9447700222 |
| കൊല്ലം | ദേവീദാസ് എൻ IAS | 9447795500 |
| പത്തനംതിട്ട | പ്രേംകൃഷ്ണൻ എസ് IAS | 9447029008 |
| ആലപ്പുഴ | അലക്സ് വർഗ്ഗീസ് IAS | 9447129011 |
| കോട്ടയം | ചേതൻകുമാർ മീന IAS | 9447029007 |
| ഇടുക്കി | ഡോ.ദിനേശ് ചെറുവാട്ട് IAS | 9447032252 |
| എറണാകുളം | പ്രിയങ്ക ജി IAS | 9447729012 |
| തൃശൂർ | അർജുൻ പാണ്ഡ്യൻ IAS | 9447129013 |
| പാലക്കാട് | മാധവിക്കുട്ടി എം എസ് IAS | 9447633445 |
| മലപ്പുറം | വി ആർ വിനോദ് IAS | 9446539017 |
| കോഴിക്കോട് | സ്നേഹിൽ കുമാർ സിങ് IAS | 9447171400 |
| വയനാട് | മേഘശ്രീ ഡി ആർ IAS | 9447204666 |
| കണ്ണൂർ | അരുൺ കെ വിജയൻ IAS | 9447029015 |
| കാസർഗോഡ് | ഇമ്പശേഖർ കെ IAS | 9447496600 |

## NOTE

## NOTE

# NOTE

# NOTE

## NOTE